കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ

# വാർഷിക റിപ്പോർട്ട്

## 2019-20

## ഉള്ളടക്കം


| അദ്ധ്യായം | | പേജ് |
|---|---|---|
| | ആമുഖം | |
| 1) | കമ്മീഷൻ യോഗങ്ങൾ | 8 |
| 2) | കമ്മീഷന്റെ പ്രവർത്തനങ്ങൾ | 9 |
| 3) | കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗുകൾ | 28 |
| 4) | കമ്മീഷൻ നടത്തിയ സെമിനാറുകൾ, മീറ്റിംഗുകൾ | 29 |
| 5) | കമ്മീഷൻ നടത്തിയ സ്ഥലസന്ദർശനങ്ങളും റിപ്പോർട്ടുകളും | 30 |
| 6) | ആഘോഷ പരിപാടികൾ | 36 |
| 7) | കമ്മീഷന്റെ വരവ് ചെലവ് കണക്കുകൾ | 37 |
| 8) | ഉപസംഹാരം | 39 |

# ആമുഖം

2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 18-ാം വകുപ്പ് പ്രകാരമുള്ള 2019-20 സാമ്പത്തിക വർഷത്തിലെ കമ്മീഷന്റെ പ്രവർത്തനങ്ങളുടെ പൂർണ വിവരം നൽകുന്ന വാർഷിക റിപ്പോർട്ടാണിത്. 01-04-2019 മുതൽ 31-03-2020 വരെയുള്ള കമ്മീഷന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഈ റിപ്പോർട്ട് കമ്മീഷന്റെ ഏഴാമത് വാർഷിക റിപ്പോർട്ടാണ്. 01.04.2018 മുതൽ 31.03.2019 വരെയുള്ള കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച ആറാമത് വാർഷിക റിപ്പോർട്ട് 2020 ജനുവരി മാസം സർക്കാരിന് സമർപ്പിച്ചിട്ടുള്ളതാണ്.

കേരള സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടിയാണ് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ചിട്ടുള്ളത്. എന്നാൽ 2013 മെയ് 15-ാം തിയതി 'കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഓർഡിനൻസ്' സർക്കാർ പുറപ്പെടുവിച്ചിരുന്നതിനാൽ മേൽപറഞ്ഞ ആക്ട് 2013 മെയ് 15-ാം തിയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, ബുദ്ധ, ജൈന, പാർസി എന്നീ മതങ്ങളിൽപെട്ടവരാണ് ഇന്ത്യയിലെ മതന്യൂനപക്ഷങ്ങൾ. കേരള സംസ്ഥാനത്തിലെ ന്യൂനപക്ഷങ്ങളുടെ വികസനങ്ങളിലുണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തുക, അവരുടെ ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി ഭരണഘടനയിലും മറ്റ് നിയമങ്ങളിലും ഉത്തരവുകളിലും വ്യവസ്ഥ ചെയ്തിട്ടുള്ള സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തനരീതി അന്വേഷിക്കുകയും നിരീക്ഷണ വിധേയമാക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെ കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തുകയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും അതുസംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ സാമൂഹിക സാമ്പത്തിക വികസനത്തിനും ക്ഷേമത്തിനും സംരക്ഷണത്തിനും

വേണ്ടിയുള്ള നടപടികളും സംരക്ഷണ വ്യവസ്ഥകളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് വേണ്ടി സർക്കാർ കൈക്കൊള്ളേണ്ട നടപടികൾ ശിപാർശ ചെയ്യുന്നതിനും സർക്കാരിന് റിപ്പോർട്ട് നൽകുകയോ അവ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുകയും സെമിനാറുകൾ, സിമ്പോസിയം, ബോധവത്കരണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക, ന്യൂനപക്ഷങ്ങളെ സംബന്ധിച്ച് സർക്കാർ സ്വീകരിക്കേണ്ട അനുയോജ്യമായ നടപടികൾ നിർദ്ദേശിക്കുക, വിവിധ തൊഴിൽദാന പദ്ധതികളിലും സാമൂഹ്യ വികസന പദ്ധതികളിലും ന്യൂനപക്ഷങ്ങൾക്ക് ജനസംഖ്യാനുപാതികമായ പങ്ക് ഉറപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക എന്നിങ്ങനെയാണ് കമ്മീഷൻ നിർവ്വഹിക്കേണ്ട പ്രധാന ചുമതലകൾ.

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ട് 3(2) വകുപ്പ് പ്രകാരം കമ്മീഷനിൽ ഒരു ചെയർപേഴ്സൺ, ഒരു അംഗം, ഒരു വനിത എന്നിവർ അംഗങ്ങൾ ആയി ഉണ്ടായിരിക്കേണ്ടതാണ്. ടി ആക്ടിലെ 4(1) വകുപ്പ് പ്രകാരം ഓരോ അംഗത്തിനും ഔദ്യോഗിക ചുമതലയേൽക്കുന്ന തിയതി മുതൽ മൂന്ന് വർഷം പൂർത്തിയാകുന്നതുവരെ തൽസ്ഥാനത്ത് തുടരാവുന്നതാണ്. നിലവിലെ കമ്മീഷനിൽ ചെയർമാനും, വനിത അംഗവും 05.10.2016 തിയതി ചുതലയേൽക്കുകയും 04.10.2019-ൽ 3 വർഷത്തെ കാലാവധി പൂർത്തിയാക്കുകയും തുടർന്ന് 05.10.2019 മുതൽ 3 വർഷത്തേക്ക് കൂടി അവരുടെ കാലാവധി സർക്കാർ ദീർഘിപ്പിച്ചു നൽകി ഉത്തരവാകുകയും ചെയ്തു. മറ്റൊരു അംഗം 15.05.2017 തിയതി ചുമതലയേറ്റു. നിലവിലെ കമ്മീഷനിലെ അംഗങ്ങൾ താഴെ പറയുന്നവരാണ്.

| | | |
|---|---|---|
| 1. ശ്രീ.പി.കെ. ഹനീഫ | : | ചെയർമാൻ |
| 2. അഡ്വ. ബിന്ദു എം തോമസ് | : | അംഗം |
| 3. അഡ്വ.മുഹമ്മദ് ഫൈസൽ | : | അംഗം |

ആക്ടിലെ 3(3) വകുപ്പ് പ്രകാരം ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ കമ്മീഷന്റെ മെമ്പർ സെക്രട്ടറിയും ചീഫ് എക്സിക്യുട്ടീവ് ഓഫീസറും ആയിരിക്കും. കമ്മീഷൻ

അതിന്റെ ഉത്തരവ് മുഖേന അധികാരപ്പെടുത്തിയേക്കാവുന്ന വിധത്തിലുള്ള അധികാരങ്ങൾ മെമ്പർ സെക്രട്ടറി വിനിയോഗിക്കേണ്ടതും ചുമതലകൾ നിർവ്വഹിക്കേണ്ടതും ആകുന്നു.

തിരുവനന്തപുരം, ശാസ്തമംഗലം, റ്റി. സി. 9/1023 (2), 'ആഞ്ജനേയ' എന്ന കെട്ടിടത്തിലെ ഒന്നാം നിലയിൽ കമ്മീഷൻ പ്രവർത്തിച്ചു വരുന്നു. കമ്മീഷനിലെ ഉദ്യോഗസ്ഥരും മറ്റ് ജീവനക്കാരും താഴെ പറയുന്നവരാണ്.

| | | |
|---|---|---|
| 1. മെമ്പർ സെക്രട്ടറി | – | 1 |
| 2. രജിസ്ട്രാർ | – | 1 |
| 3. ഫിനാൻസ് ആഫീസർ | – | 1 |
| 4. സെക്ഷൻ ആഫീസർ | – | 1 |
| 5. അസിസ്റ്റന്റ് | – | 2 |
| 6. ജൂനിയർ അസിസ്റ്റന്റ് / ലോവർ ഡിവിഷൻ ക്ലാർക്ക് | – | 2 |
| 7. പേഴ്സണൽ അസിസ്റ്റന്റ് | – | 1 |
| 8. ആഫീസ് അറ്റൻഡന്റ് കം- ഡ്രൈവർ | – | 2 |
| 9. പാർട്ട് ടൈം സ്വീപ്പർ | – | 1 |

ഗവൺമെന്റ് പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീമതി. ബിന്ദു തങ്കച്ചി എം.കെ 31.12.2016-ൽ കമ്മീഷന്റെ മെമ്പർ സെക്രട്ടറിയായി ചുമതലയേൽക്കുകയും തുടർന്ന് 13.08.2019 വരെ സേവനമനുഷ്ഠിക്കുകയും ചെയ്തു. തുടർന്ന് 14.08.2019 മുതൽ പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറി ശ്രീ.ശരത്ചന്ദ്രൻ സി.എസ്. മെമ്പർ സെക്രട്ടറിയായി ചുമതലയേൽക്കുകയും റിപ്പോർട്ട് കാലയളവിൽ തുടരുകയും ചെയ്തു. പൊതുഭരണവകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീമതി. പ്രഭ ബി. 21.02.2019-ൽ രജിസ്ട്രാർ ആയി ചുമതലയേൽക്കുകയും 05.03.2020 വരെ തുടരുകയും ചെയ്തു. തുടർന്ന് പൊതുഭരണവകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ. നജീബ് എച്ച്. 11.03.2020-ൽ കമ്മീഷനിൽ രജിസ്ട്രാറായി ചുമതലയേൽക്കുകയും റിപ്പോർട്ട് കാലയളവിൽ തുടരുകയും ചെയ്തു. ധനകാര്യവകുപ്പിലെ അണ്ടർ സെക്രട്ടറിയായ ശ്രീമതി. തുഷാര ജോർജ്ജ് 23.10.2017ൽ കമ്മീഷനിൽ ഫിനാൻസ് ഓഫീസറായി ചുമതലയേൽക്കുകയും റിപ്പോർട്ട് കാലയളവിൽ തുടരുകയും ചെയ്തു.

## അദ്ധ്യായം 1

# കമ്മീഷൻ യോഗങ്ങൾ

കമ്മീഷൻ ആക്ടിലെ 8-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം ചെയർപേഴ്സണ് യുക്തമെന്ന് കരുതുന്ന സമയത്തും സ്ഥലത്തും, ആവശ്യമായി വരുമ്പോഴെല്ലാം കമ്മീഷൻ യോഗം ചേരാൻ നിർദ്ദേശിക്കുന്നുണ്ട്. ചുരുങ്ങിയത് മൂന്നു മാസത്തിലൊരിക്കലെങ്കിലും അങ്ങനെയുള്ള യോഗം ചേരുവാനും നിഷ്കർഷിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ (01.04.2019 മുതൽ 31.03.2020 വരെ) 8(എട്ട്) തവണ കമ്മീഷൻ യോഗം ചേർന്നിട്ടുണ്ട്.

### അദ്ധ്യായം 2

## കമ്മീഷന്റെ പ്രവർത്തനങ്ങൾ

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ 9-ാം വകുപ്പിൽ പറയുന്ന ചുമതലകൾ നിർവഹിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ സ്വീകരിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കുറിച്ച് നിരവധി സെമിനാറുകൾ കമ്മീഷൻ സംഘടിപ്പിച്ചിട്ടുണ്ട്. ന്യൂനപക്ഷങ്ങൾക്ക് സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ധാരാളം പരാതികൾ കമ്മീഷൻ മുമ്പാകെ വരികയും ടി പരാതികളിൽ അന്വേഷണം നടത്തി പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. 2019-20 കാലയളവിൽ **256** പരാതികൾ കമ്മീഷന് ലഭിച്ചു. ലഭിച്ച പരാതികളുടെയും തീർപ്പാക്കിയ പരാതികളുടെയും പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

പട്ടിക 1

| ലഭിച്ച പരാതികളും തീർപ്പാക്കിയവയും | | |
|---|---|---|
| വർഷം | ലഭിച്ച പരാതികൾ | തീർപ്പാക്കിയ പരാതികൾ |
| 2019-20 | 256 | 203 |

മുൻ വർഷങ്ങളിൽ തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്ന പരാതി കളിലും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ടി പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

**പട്ടിക 2**

| മുൻവർഷങ്ങളിൽ ശേഷിച്ചവയിൽ തീർപ്പാക്കിയ പരാതികൾ |
|---|
| 98 |

**പട്ടിക 3**

| പരാതി സമർപ്പിച്ചവരുടെ മതം അടിസ്ഥാനമാക്കിയുള്ള പരാതി വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| വർഷം | ആകെ ലഭിച്ച പരാതികൾ | മുസ്ലിം | ക്രിസ്ത്യൻ | ബുദ്ധ | ജൈന | മറ്റുള്ളവ |
| 2019-20 | 256 | 106 | 115 | 1 | - | 34 |

**പട്ടിക 4**

| പരാതി സമർപ്പിച്ചവരുടെ ലിംഗാധിഷ്ഠിത തരംതിരിവ് | | | | |
|---|---|---|---|---|
| വർഷം | ആകെ ലഭിച്ച പരാതികൾ | പരാതി സമർപ്പിച്ചവർ | | മറ്റുള്ളവ (സംഘടനകൾ/ സ്ഥാപനങ്ങൾ/ സ്വമേധയാ) |
| | | പുരുഷൻമാർ | സ്ത്രീകൾ | |
| 2019-20 | 256 | 136 | 105 | 15 |

**പട്ടിക 5**

പരാതിയിലെ വിഷയം

| | പരാതി | എണ്ണം |
|---|---|---|
| 1 | മതപരമായ അവകാശ സംരക്ഷണം | 45 |
| 2 | ജീവനും സ്വത്തിനും സംരക്ഷണം | 27 |
| 3 | പോലിസ് അതിക്രമം | 14 |
| 4 | സാമ്പത്തിക അവകാശം | 20 |
| 5 | തൊഴിൽ പരമായ സംഗതികൾ | 54 |
| 6 | വിദ്യാഭ്യാസം/സ്കോളർഷിപ്പ് | 68 |
| 7 | സർവ്വീസ് കാര്യങ്ങൾ | 15 |
| 8. | മറ്റുള്ളവ | 13 |
| | **ആകെ** | **256** |

കമ്മീഷന്റെ പ്രവർത്തനത്തെ പൊതുവിൽ മൂന്ന് വിഭാഗങ്ങളായി തിരിക്കാം.

1) **പരാതികളിൽ സ്വീകരിക്കുന്ന നടപടികൾ**
2) **സ്വമേധയാ സ്വീകരിക്കുന്ന നടപടികൾ**
3) **പ്രശ്നങ്ങൾ പഠിക്കുന്നതിന് കമ്മീഷൻ നടത്തുന്ന സ്ഥല സന്ദർശനങ്ങൾ/ ജില്ലാതല യോഗങ്ങൾ**

## 3.1 പരാതികളിൽ സ്വീകരിച്ച നടപടികൾ

കമ്മീഷന് ലഭിക്കുന്ന പരാതികളിന്മേൽ കമ്മീഷൻ അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹാര നടപടികൾ നിർദ്ദേശിക്കുകയും അതു സംബന്ധിച്ച തുടർനടപടികൾ നിരീക്ഷിക്കുകയും ചെയ്തുവരുന്നു.

റിപ്പോർട്ട് കാലയളവിൽ കമ്മീഷൻ പരിഗണിച്ച ചില പ്രധാന ഹർജികളുടെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

### 3.1.1 ഫോർട്ട് കൊച്ചി മുതൽ ചെല്ലാനം വരെയുള്ള തീരപ്രദേശം അതിശക്തമായ കടൽക്ഷോഭത്തിൽ നിന്നും സംരക്ഷിക്കുന്നതു സംബന്ധിച്ച്

എറണാകുളം ജില്ലയിലെ തീരപ്രദേശമായ ഫോർട്ട്കൊച്ചി മുതൽ ചെല്ലാനം വരെയുള്ള വിവിധ ഇടവകകളിൽ നിന്നുമുള്ള ജനങ്ങളുടെ പ്രതിനിധികളായി വൈദികരും ഹർജിക്കാരൻ(ശ്രീ.ഇമ്മാനുവൽ എം.ജെ., കെ.സി.വൈ.എം. പ്രസിഡന്റ്, ഓൾഡ് സെമിനാരി ക്യാമ്പസ്, ആലപ്പുഴ - 688001) ഉൾപ്പെടെയുള്ള സംഘടനാ ഭാരവാഹികളും ഒപ്പിട്ട് കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിൽ(എം.സി.ഒ.പി.നമ്പർ 236/2019) ഫോർട്ട്കൊച്ചി മുതൽ ചെല്ലാനം വരെയുള്ള തീരപ്രദേശം അതിശക്തമായ കടൽക്ഷോഭം നേരിടുന്നു എന്നും ന്യൂനപക്ഷങ്ങൾ തിങ്ങിപ്പാർക്കുന്ന ടി പ്രദേശത്തിന്റെ സംരക്ഷണത്തിനായി ആവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാകുന്നതിനായി കമ്മീഷന്റെ ഇടപെടൽ ഉണ്ടാകണമെന്നും ആവശ്യപ്പെട്ടിരുന്നു.

കമ്മീഷന് ലഭിച്ച മേൽ പരാതിയെ തുടർന്ന് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ 16.07.2019 തിയതി മേൽപറഞ്ഞ തീരപ്രദേശങ്ങളിൽ പരാതിവിഷയത്തെപ്പറ്റി നേരിട്ട് അറിയുന്നതിന് സ്ഥലസന്ദർശനം നടത്തുകയുണ്ടായി.

ഹർജിയിലെ പ്രസ്താവനകളും ജലസേചനവകുപ്പ് സെക്രട്ടറിക്ക് വേണ്ടി എറണാകുളം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടും വിശദമായി പരിശോധിച്ച കമ്മീഷൻ, ഫോർട്ട്കൊച്ചി മുതൽ ചെല്ലാനം വരെയുള്ള തീരപ്രദേശ

ത്ത് അതിശക്തമായ കടൽക്ഷോഭം മൂലം ടി പ്രദേശത്ത് താമസിക്കുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്നതിനാൽ കടലാക്രമണത്തെ ശാസ്ത്രീയമായി പ്രതിരോധിക്കുന്നതിനായി ദീർഘകാല അടിസ്ഥാനത്തിലുള്ള പരിഹാര നടപടികൾ നിർദ്ദേശിച്ച് നടപ്പിലാക്കുന്നതിനായി വിദഗ്ധ പഠനം നടത്തുന്നതിന് ഒരു വിദഗ്ധസമിതി രൂപീകരിക്കുന്നതിനും, ചെല്ലാനം ഭാഗത്തുള്ള തീരപ്രദേശങ്ങളിൽ തിരമാല അടിച്ച് കരയിലേക്ക് കയറുന്ന കടൽവെള്ളം വീടുകളിലേക്ക് കയറാതെ ഒഴുകിപ്പോകുന്നതിന് ടി പ്രദേശങ്ങളിലുള്ള തോടുകളിൽ നിന്നും ചെളി മുതലായ മാലിന്യങ്ങൾ സമയബന്ധിതമായി നീക്കം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ ജലസേചന വകുപ്പ് സെക്രട്ടറി അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.2 നമസ്കാര പള്ളിയും മദ്രസയും നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്

കുന്നത്തുനാട് താലൂക്ക് പട്ടിമറ്റം വില്ലേജിൽ ചൂരക്കോട് പ്രദേശത്തുള്ള അഞ്ചുസെന്റ് സ്ഥലത്ത് നമസ്കാര പള്ളിയും (തൈക്കാവ്) മദ്രസയും നിർമ്മിക്കാൻ അനുവാദം ലഭിക്കുന്നതിനുവേണ്ടി ഹർജിക്കാരൻ (ശ്രീ.ബാബു സെയ്താലി, പ്രസിഡന്റ്, റഹ്മാനിയ മസ്ജിദ് നിർമ്മാണ കമ്മിറ്റി, ചൂരക്കോട്, പട്ടിമറ്റം പി.ഒ., എറണാകുളം ജില്ല - 683562) എറണാകുളം ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും എന്നാൽ ജില്ലാ കളക്ടർ ടി അപേക്ഷ നിരസിച്ചുവെന്നും ആയതിനാൽ വെള്ളിയാഴ്ചകളിലെ ജുമാ നമസ്കാരമോ പെരുന്നാൾ നമസ്കാരങ്ങളോ ഖബർസ്ഥാനോ ഇല്ലാത്ത നമസ്കാര പള്ളിയും മദ്രസയും നിർമ്മിക്കുന്നതിനുവേണ്ട നടപടികൾ കമ്മീഷന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ആവശ്യപ്പെട്ട് എം.സി.ഒ.പി. 28/2019-ാം നമ്പറായി കമ്മീഷൻ മുമ്പാകെ ഹർജി ബോധിപ്പിച്ചിരുന്നു.

മേൽ നമ്പർ ഹർജിയുടെ അടിസ്ഥാനത്തിൽ, 01.08.2019 തിയതി പകൽ 10.30 മണിക്ക് കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ തൈക്കാവും മദ്രസയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ചൂരക്കോട് പ്രദേശം സന്ദർശിക്കുകയും സ്ഥലസന്ദർശന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുകയുണ്ടായി.

എതൃകക്ഷിയായ എറണാകുളം ജില്ലാ കളക്ടർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടും, ജുമാ നമസ്കാരവും പെരുന്നാൾ നമസ്കാരങ്ങളും ഖബർസ്ഥാനും പുതിയതായി പണിയാൻ ഉദ്ദേശിക്കുന്ന പള്ളിയിൽ

ആവശ്യമില്ലെന്ന് കാണിച്ച് ഹർജിക്കാരൻ ജില്ലാ കളക്ടർക്ക് സമർപ്പിച്ച സത്യവാങ്മൂലവും, ഹർജിക്കാരൻ സമർപ്പിച്ച പാർക്കിംഗ് അവകാശക്കരാറും വിശദമായി പരിശോധിച്ച കമ്മീഷൻ, മേൽ പ്രസ്താവിച്ച സത്യവാങ്മൂലവും പാർക്കിംഗ് അവകാശ കരാറും പരിഗണിച്ച് അടിയന്തിരമായി തീരുമാനമെടുക്കുന്നതിനുവേണ്ട നടപടി എറണാകുളം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.3 ന്യൂനപക്ഷ മതവിഭാഗക്കാരായ ജനങ്ങളെ കുടിയിറക്ക് ഭീഷണിയിൽ നിന്നും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സംബന്ധിച്ച്

എറണാകുളം ചേരാനല്ലൂർ ബട്ടർഫ്ളൈ ഫ്ളൈഓവർ കുടിയിറക്കൽവിരുദ്ധ സമിതി കൺവീനർ ശ്രീ.അബ്ദുൾ സലാം കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച എം.സി.ഒ.പി. 38/2019 നമ്പർ പരാതിയിൽ, ബട്ടർഫ്ളൈ ഫ്ളൈഓവർ കുടിയിറക്കൽവിരുദ്ധ സമിതി അംഗങ്ങൾ എൻ.എച്ച്.66, എൻ.എച്ച്.966എ എന്നിവ കടന്നുപോകുന്ന എറണാകുളം ജില്ലയിലെ ചേരാനല്ലൂർ ജംഗ്ഷൻ നിവാസികളും ന്യൂനപക്ഷ സമുദായാംഗങ്ങളുമാണെന്നും 21.12.2018 തിയതി ദേശീയപാതാ അതോറിട്ടി ചുമതലപ്പെടുത്തിയത് അനുസരിച്ച് കോംപീറ്റന്റ് അതോറിട്ടി പ്രസിദ്ധപ്പെടുത്തിയ 1956-ലെ ദേശീയപാത നിയമം 3എ അനുസരിച്ചുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം പുറത്തിറക്കുകയുണ്ടായെന്നും ദേശീയപാത 66 വികസനം ഫേസ് 3-ന്റെ ഭാഗമായി കുറ്റിപ്പുറം-ഇടപ്പള്ളി റീച്ചിന്റെ മൂത്തകുന്നം മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗത്ത് റോഡ് 45 മീ. വീതി കൂട്ടുന്നതിന് വേണ്ടിയുള്ളതാണ് നിർദ്ദിഷ്ട സ്ഥലമെടുപ്പെന്നും എന്നാൽ ചേരാനല്ലൂർ പഞ്ചായത്തിലെ ദേശീയപാത 66 ഉം 966എ-ഉം സംഗമിക്കുന്ന ജംഗ്ഷന്റെ വികസനത്തിന് എന്ന പേരിൽ നിലവിൽ 45 മീറ്ററായി റോഡിന്റെ വീതി വർദ്ധിപ്പിക്കുന്നത് കൂടാതെ ഏതാണ്ട് 40 ഏക്കറിലധികം സ്ഥലമെടുത്തുകൊണ്ട് ഇന്ത്യയിൽ മറ്റെവിടെയും ഇല്ലാത്ത വിധത്തിലുള്ള ബട്ടർഫ്ളൈ/ക്ലോവർ ലീഫ് ഡിസൈനിൽ ഒരു റൗണ്ട്എബൗട്ട് സ്ഥാപിക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരിക്കുകയാണെന്നും ന്യൂനപക്ഷ ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണിതെന്നും ദേശീയപാതകളുടെ വികസനത്തിനായി ഒന്നിൽക്കൂടുതൽ പ്രാവശ്യം സ്വന്തം കിടപ്പാടവും

ഭൂമിയും വിട്ടൊഴിഞ്ഞു നൽകിയവരാണ് അവരെന്നും അശാസ്ത്രീയമായ ജംഗ്ഷൻ വികസന പദ്ധതിയിയുടെ പേരിൽ വീണ്ടും അവരെ കുടിയിറക്കാനാണ് വിജ്ഞാപനം ചെയ്തിട്ടുള്ളതെന്നും ഏതാണ്ട് 182 കുടുംബങ്ങളും 40ൽപരം വ്യാപാരസ്ഥാപനങ്ങളും 3 ആരാധാനാലയങ്ങളും ജനങ്ങൾ ആശ്രയിക്കുന്ന സർക്കാരാശുപത്രിയും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഉൾപ്പെടുന്നുണ്ടെന്നും ഈ പദ്ധതിയുടെ അപ്രായോഗികതയും അശാസ്ത്രീയതയും മുൻനിർത്തി ന്യൂനപക്ഷ മതവിഭാഗക്കാരായ ജനങ്ങളെ കുടിയിറക്ക് ഭീഷണിയിൽ നിന്നും സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ കമ്മീഷൻ സ്വീകരിക്കണമെന്നുമാണ് ആവശ്യപ്പെട്ടിരുന്നത്.

മേൽപറഞ്ഞ ഹർജിയുടെ(എം.സി.ഒ.പി.38/2019) അടിസ്ഥാനത്തിൽ കമ്മീഷൻ 01.08.2019-ന് പകൽ 02.30 മണിക്ക് എറണാകുളം ജില്ലയിലെ ചേരാനല്ലൂരിൽ സ്ഥലസന്ദർശനം നടത്തി സ്ഥലസന്ദർശന റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി.

മേൽപറഞ്ഞ ഹർജിയിൽ എതൃകക്ഷികളായ പ്രോജക്ട് ഡയറക്ടർ (നാഷണൽ ഹൈവേസ് അതോറിട്ടി ഓഫ് ഇന്ത്യ), എറണാകുളം ജില്ലാ കളക്ടർ എന്നിവർ ബോധിപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച ശേഷം കമ്മീഷൻ താഴെ പറയുന്ന പരിഹാര നടപടി നിർദ്ദേശിക്കുകയുണ്ടായി. "ക്ലോവർലീഫ് ഇന്റർചേഞ്ച് സംവിധാനത്തോടുകൂടി ചേരാനല്ലൂർ വില്ലേജിൽ ചേരാനല്ലൂർ ജംഗ്ഷൻ വികസിപ്പിക്കുന്നതിന് കുറഞ്ഞ ഭൂമി മാത്രം ഏറ്റെടുത്തുകൊണ്ട് പദ്ധതി നടപ്പാക്കാൻ സാദ്ധ്യമാണോയെന്ന് ഒരു വിദഗ്ധസമിതിയെ കൊണ്ട് സാദ്ധ്യതാപഠനം നടത്തുന്നതിനായി റിക്വസിഷനിംഗ് അതോറിട്ടിയായ നാഷണൽ ഹൈവേ അതോറിട്ടി ഓഫ് ഇന്ത്യയോട് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുവേണ്ട നിർദ്ദേശം സംസ്ഥാന ചീഫ് സെക്രട്ടറി അടിയന്തിരമായി നൽകേണ്ടതാണ്."

### 3.1.4 പഴയ ആലുവ- മൂന്നാർ റോഡ്, ആലുവ-മൂന്നാർ എൻ.എച്ച്-ന്റെ സമാന്തരപാതയായി ഉപയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

ദിവസവും ആയിരക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന ദേശീയപാതയാണ് NH 85 ആലുവ-മൂന്നാർ നാഷണൽ ഹൈവേ എന്നും

എല്ലാ വർഷവും ടി റോഡ് ഇടിഞ്ഞുപോകുന്നതിനാൽ ദിവസങ്ങളോളം വാഹനഗതാഗതം തടസ്സപ്പെടുന്നത് പതിവാണെന്നും ടി റോഡിന് ഒരു സമാന്തരപാത ഇല്ലാത്തതിനാൽ അത്യാവശ്യ സന്ദർഭങ്ങളിൽ ആളുകൾക്ക് ആശുപത്രിയിൽ എത്താൻ പോലും കഴിയാത്ത ദുരവസ്ഥയുണ്ടെന്നും ആയതിനാൽ പഴയ ആലുവ- മൂന്നാർ റോഡ് ആലുവ-മൂന്നാർ എൻ.എച്ച്-ന്റെ സമാന്തരപാതയായി ഉപയോഗിക്കാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ഹർജിക്കാരൻ (ശ്രീ.പ്രദീപ്കുമാർ എ.സി., പ്രസിഡന്റ്, ജനസംരക്ഷണ സമിതി, പൂയംകുട്ടി, എറണാകുളം ജില്ല - 686681) എം.സി.ഒ.പി. 468/2018-ാം നമ്പറായി കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിക്കുകയുണ്ടായി.

എതൃകക്ഷികൾ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ച്, പഴയ ആലുവ - മൂന്നാർ രാജപാതയുടെ വികസനത്തിനും, അതിനാവശ്യമായ കേന്ദ്ര വനസംരക്ഷണ നിയമപ്രകാരമുള്ള അനുമതി ലഭിക്കുന്നതിനും വേണ്ട അടിയന്തിര നടപടികൾ കേരള പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്ത് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.5 കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്ന് വിസാ ലോൺ ലഭിക്കുന്നത് സംബന്ധിച്ച്

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ നിന്ന് വിസാ ലോൺ ലഭിക്കുന്നതിനായി കോർപ്പറേഷന്റെ എറണാകുളം പത്തടിപ്പാലത്തുള്ള ഓഫീസിൽ ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആവശ്യപ്പെട്ട എല്ലാ രേഖകളും ഹാജരാക്കിയിട്ടും നാളിതുവരെ അനുകൂലമായ വിവരം ലഭിച്ചിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരന് (ശ്രീ. മുഹമ്മദ് വി.എം., വലിയപറമ്പിൽ വീട്, നീറിക്കോട് പി.ഒ., എറണാകുളം ജില്ല - 683511) അനുകൂലമായ തീരുമാനമുണ്ടാകാൻ വേണ്ട നടപടിയുണ്ടാകണമെന്നും ആവശ്യപ്പെട്ട് എം.സി.ഒ.പി. 510/2018-ാം നമ്പറായി കമ്മീഷൻ മുമ്പാകെ ഹർജി സമർപ്പിച്ചു.

എതൃകക്ഷിക്ക് (മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, കോഴിക്കോട് - 5) വേണ്ടി

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ എറണാകുളം റീജിയണൽ ഓഫീസിലെ ഡെപ്യൂട്ടി മാനേജർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരന്റെ വസ്തുവിനെ സംബന്ധിച്ച് ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കുകയും ആയത് കോർപ്പറേഷന്റെ നിയമോപദേഷ്ടാവ് പരിശോധിച്ച് ശരിവെയ്ക്കുകയും ചെയ്താൽ ഹർജിക്കാരന് വായ്പ നൽകുന്നതിൽ യാതൊരു തടസ്സവുമില്ലെന്ന് പ്രസ്താവിച്ചതിന്റെ അടിസ്ഥാനത്തിൽ, വായ്പാ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിലേക്കായി ഹർജിക്കാരൻ ജാമ്യമായി ഹാജരാക്കിയ വസ്തുവിന്റെ അസൽ ആധാരവും മുൻ ആധാരവും, ജാമ്യമായി ഹാജരാക്കിയ വസ്തുവിന് നിലവിൽ ബാദ്ധ്യകൾ ഒന്നുമില്ലെന്ന് കാണിക്കുന്ന ബാദ്ധ്യതാ സർട്ടിഫിക്കറ്റും കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ മുമ്പാകെ ഹർജിക്കാരൻ ഹാജരാക്കുകയാണെങ്കിൽ ടിയാന് കോർപ്പറേഷൻ നൽകാമെന്ന് സമ്മതിച്ച വായ്പ എത്രയും വേഗം നൽകേണ്ടതാണെന്ന് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.6 മാലിന്യം പുറന്തള്ളുന്നതിനെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

ഹർജിക്കാരന്റെ(ശ്രീ.മൈതീൻ എ.എ., S/o അന്ത്രു, ആട്ടായം, ഇരമല്ലൂർ പി.ഒ., കുറ്റിലഞ്ഞി, കോതമംഗലം, എറണാകുളം ജില്ല) വീടിന്റെ ഏകദേശം 50 മീ. അകലത്തിൽ കഴിഞ്ഞ അഞ്ചുവർഷമായി എയ്ഞ്ചൽ എന്ന പേരിൽ പ്ലൈവുഡ് കമ്പനിയും മറ്റ് തടി ഉത്പന്നങ്ങളുടെ വ്യവസായവും നടക്കുന്നുണ്ടെന്നും കോതമംഗലം താലൂക്കിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിൽ ജനവാസകേന്ദ്രത്തിൽ കമ്പനി പ്രവർത്തിച്ചാൽ വലിയ മലിനീകരണപ്രശ്നം നാട്ടുകാർക്ക് ഉണ്ടാകുമെന്ന് പറഞ്ഞ് നാട്ടുകാർ ഒന്നടങ്കം പഞ്ചായത്തിന് പരാതി നൽകിയിരുന്നുവെന്നും മാലിന്യപ്രശ്നമൊന്നും ഉണ്ടാകില്ലെന്ന് പഞ്ചായത്ത് അധികാരികൾ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നാട്ടുകാരിൽ ഭൂരിഭാഗവും ടി പരാതിയിൽ നിന്ന് പിന്മാറിയെന്നും കമ്പനിയിൽ താമസിച്ചുവരുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ വേസ്റ്റും കുളിക്കുന്ന വെള്ളവും ഹർജിക്കാരന്റെ അടുത്ത സ്ഥലത്ത് വീഴുന്നത് ടിയാന്റെ കിണറ്റിലേക്ക് വരികയാണെന്നും ഹൈലെവൽ കനാലിലേക്കും വേസ്റ്റ് വെള്ളം കൂടിച്ചേരുന്നുവെന്നും തലയിണ, പായ എന്നീ

വേസ്റ്റുകൾ കനാലിലേക്കാണ് ഇടുന്നതെന്നും ഈ കാര്യങ്ങൾ കാണിച്ച് പഞ്ചായത്ത് മെമ്പർക്കും സെക്രട്ടറിക്കും ചെറുവെട്ടൂർ ഹെൽത്ത് ഇൻസ്പെക്ടർക്കും പരാതി നൽകിയെങ്കിലും അതിൽ ഒരു നടപടിയുമുണ്ടായിട്ടില്ലെന്നും ആയതിനാൽ മേൽപറഞ്ഞ കാര്യത്തിൽ ഒരു പരിഹാര നടപടിയുണ്ടാകണമെന്നും ആവശ്യപ്പെട്ട് എം.സി.ഒ.പി.97/2019 നമ്പറായി കമ്മീഷൻ മുമ്പാകെ പരാതി ബോധിപ്പിക്കുകയുണ്ടായി.

എതൃകക്ഷിയായ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ച കമ്മീഷൻ, ഹർജിയിൽ പറയുന്ന മലിനീകരണ പ്രശ്നങ്ങളെ സംബന്ധിച്ച് മുഖ്യ പരിസ്ഥിതി എഞ്ചിനീയർ, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, എറണാകുളം അടിയന്തിരമായി നേരിട്ട് അന്വേഷണം നടത്തി ഉചിതമായ പരിഹാര നടപടി നിർദ്ദേശിക്കേണ്ടതാണെന്നും മുഖ്യ പരിസ്ഥിതി എഞ്ചിനീയറുടെ അന്വേഷണ റിപ്പോർട്ട് തുടർനടപടികൾക്കായി നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് മുഖ്യ പരിസ്ഥിതി എഞ്ചിനീയർ നൽകേണ്ടതാണെന്നും ടി അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്നും ശിപാർശ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.7 മതപരമായും മറ്റും പീഡിപ്പിക്കുകയും അപമാനിക്കുകയും അവഹേളിക്കുകയും ചെയ്യുന്നതിനെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്

ഹർജിക്കാരിയുടെ(ശ്രീമതി. നൂർജഹാൻ മജീദ്, അസി.പ്രൊഫസർ, ഹിസ്റ്ററി ഡിപ്പാർട്ട്മെന്റ്, ശ്രീ വ്യാസ എൻ.എസ്.എസ്. കോളേജ്, വടക്കാഞ്ചേരി പി.ഒ., തൃശൂർ ജില്ല.) പരാതിയിൽ(എം.സി.ഒ.പി. നമ്പർ 117/2019) പ്രധാനമായി പറയുന്നത് ഹർജിക്കാരിയെ ശ്രീ വ്യാസ എൻ.എസ്.എസ്. കോളേജിലെ ഹിസ്റ്ററി ഡിപ്പാർട്ട്മെന്റിലെ എച്ച്.ഒ.ഡി.യായ ഡോ.ജ്യോതിർമണി വടക്കയിൽ കഴിഞ്ഞ 7 വർഷമായി നിരന്തരമായി മതപരമായും മറ്റും പീഡിപ്പിക്കുകയും അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നതിനാൽ ഹർജിക്കാരി ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുകയാണെന്നും അതിനാൽ ഹർജിക്കാരി അനുഭവിക്കുന്ന പീഡനത്തിനും അധിക്ഷേപത്തിനും അടിയന്തിര പരിഹാരം ഉണ്ടാകണമെന്നുമാണ്.

സെക്രട്ടറി, എൻ.എസ്.എസ്. കോളേജ് സെൻട്രൽ കമ്മിറ്റി, ചങ്ങനാശ്ശേരി, കോട്ടയം ജില്ല - 686102 കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ട് വിശദമായി പരിശോധിച്ച കമ്മീഷൻ, ഡോ.ജ്യോതിർമണി വടക്കയിൽ ഹർജിക്കാരിയെ കഴിഞ്ഞ 7 വർഷമായി നിരന്തരമായി മതപരമായും മറ്റും പീഡിപ്പിക്കുകയും അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്നതായി ഉന്നയിച്ച ആരോപണങ്ങളെപ്പറ്റി ഡോ.ജ്യോതിർമണി വടക്കയിലിന് മുൻകൂർ നോട്ടീസ് നൽകി ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി അടിയന്തിരമായി അന്വേഷണം നടത്തി പരാതിവിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കേണ്ടതാണെന്ന് ശിപാർശ ചെയ്തു.

### 3.1.8 വിദ്യാഭ്യാസ സ്കോളർഷിപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്

എരുമേലി എം.ഇ.എസ് കോളേജിൽ രണ്ടാംവർഷ ബി.ബി.എ വിദ്യാർത്ഥിനിയും +2 പരീക്ഷയിൽ 70% മാർക്ക് വാങ്ങിയതുമായ ഹർജിക്കാരന്റെ(കെ.മുഹമ്മദ് ബഷീർ, കടുമരുതി കിഴക്കേതിൽ, ആലപ്ര പി.ഒ., കോട്ടയം - 686544) മകൾ ജസ്ന ബഷീർ 2017-ൽ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പിന് അപേക്ഷിച്ചുവെങ്കിലും നാളിതുവരെ ലഭിച്ചിട്ടില്ലെന്നും ടി സ്കോളർഷിപ്പ് ലഭിക്കുവാൻ വേണ്ട നടപടി കമ്മീഷൻ സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിൽ (എം.സി.ഒ.പി.325/2018), എതൃകക്ഷിയായ എം.ഇ.എസ്. കോളേജ് പ്രിൻസിപ്പലിന്റെ ആക്ഷേപവും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച കമ്മീഷൻ, ഒരു ന്യൂനപക്ഷ സ്ഥാപനമായ എം.ഇ.എസ്. കോളേജ് തങ്ങളുടെ നിരുത്തരവാദപരമായ പ്രവർത്തനം വഴി, അർഹതയുള്ള ജസ്ന ബഷീർ എന്ന ന്യൂനപക്ഷ വിദ്യാർത്ഥിനിക്ക് ബി.ബി.എ. കോഴ്സിന്റെ എല്ലാ പഠനവർഷങ്ങളിലും പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിക്കുവാനുള്ള അവസരം ഇല്ലാതാക്കിയെന്നത് ന്യൂനപക്ഷ അവകാശങ്ങളുടെ ലംഘനമാണെന്ന് കമ്മീഷന് ബോദ്ധ്യമായതിനാൽ ടി കോളേജിന്റെ നിരുത്തരവാദപരമായ പ്രവർത്തനം മൂലം ഹർജിക്കാരന്റെ മകൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ലഭിക്കാതെ വന്ന സാഹചര്യത്തെക്കുറിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ വേണ്ട അന്വേഷണം നടത്തി, ഹർജിക്കാരന്റെ പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവായി.

### 3.1.9 കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഹജ്ജിനുള്ള വാക്സിനേഷൻ നൽകുന്നത് സംബന്ധിച്ച്

കോട്ടയം ജില്ലയിൽ നിന്നും ഹജ്ജിനു പോകുന്നവർക്ക് വാക്സിൻ എടുക്കുന്നത് വർഷങ്ങളായി കോട്ടയം ജില്ലാ ആശുപത്രിയിലാണെന്നും എന്നാൽ കോട്ടയം ജില്ലയിൽ നിന്ന് ഹജ്ജിനു പോകുന്നവരിൽ ഭൂരിഭാഗ വും കാഞ്ഞിരപ്പള്ളി, ഈരാറ്റുപേട്ട, പൊൻകുന്നം, എരുമേലി, മുണ്ടക്കയം, കൂട്ടിക്കൽ, ചേനപ്പാടി, മണങ്ങല്ലൂർ, പാറത്തോട്, ഇടക്കുന്നം, ചാത്തൻതറ, മുട്ടപ്പള്ളി, പട്ടിമറ്റം, മണിമല, കങ്ങഴ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള തീർത്ഥാടകരാണെന്നും ആയതിനാൽ കോട്ടയത്ത് പോയി വാക്സിൻ എ ടുക്കുക എന്നുള്ളത് വളരെയേറെ ക്ലേശകരമാണെന്നും കാഞ്ഞിരപ്പള്ളി ജ നറൽ ആശുപത്രിയിൽ പരിശുദ്ധ ഹജ്ജിന് പോകുന്നവർക്ക് ഒരു വാക്സി നേഷൻ സെന്റർ തുടങ്ങണമെന്നാവശ്യപ്പെട്ട് ആരോഗ്യവകുപ്പ് അധികൃ തർക്ക് നിവേദനം നൽകിയിട്ടും നാളിതുവരെ യാതൊരു നടപടിയും സ്വീകരിച്ചില്ലെന്നും ആയതിനാൽ ഈ പ്രദേശങ്ങളിലെ ഹജ്ജ്കർമ്മത്തിന് പോകുന്നവർക്കായി കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഒരു പുതി യ വാക്സിനേഷൻ സെന്റർ തുടങ്ങുവാൻ ആരോഗ്യവകുപ്പധികൃതർക്ക് നിർദ്ദേശം നൽകണമെന്നുമുള്ള ഹർജിക്കാരന്റെ (ശ്രീ.എച്ച്.അബ്ദുൾ അ സ്സീസ്, ജില്ലാ ജനറൽ സെക്രട്ടറി, പി.യു.സി.എൽ, പനിച്ചയിൽ വീട്, മണ ങ്ങല്ലൂർ, കുറുവാമൂഴി പി.ഒ., കാഞ്ഞിരപ്പള്ളി, കോട്ടയം ജില്ല) ആവശ്യ ത്തിൽ(എം.സി.ഒ.പി.303/2019), ആരോഗ്യവകുപ്പ് സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ, കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) എന്നിവ രുടെ റിപ്പോർട്ടുകൾ പരിശോധിച്ച കമ്മീഷൻ, പരാതിക്കാരന്റെ ആവശ്യം ന്യായമാണെന്ന് ബോദ്ധ്യമായതിനാൽ 2020-ലെ ഹജ്ജിനുള്ള വാക്സിനേ ഷൻ, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ നൽകുന്നതിനുവേണ്ട നട പടികൾ കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) അടിയന്തിര മായി സ്വീകരിക്കേണ്ടതാണെന്ന് ഉത്തരവായി.

### 3.1.10 ആലപ്പുഴ ജില്ലയ്ക്ക് പുറത്തുള്ള പോലീസ് ഉദ്യോഗസ്ഥനെ ക്കൊ് കേസ് അന്വേഷിപ്പിക്കുന്നത് സംബന്ധിച്ച്

14/06/2017 തീയതി, 16 വയസ്സുള്ള ഹർജിക്കാരനെ(അംജദ് സമദ്, ഫാത്തിമ മൻസിൽ, സ്റ്റേറ്റ് വെയർഹൗസിന് സമീപം, മേടമുക്ക്,

കായംകുളം പി.ഒ.) കായംകുളം എം.എസ്.എം സ്കൂളിനു സമീപംവച്ച് ഒന്നാം എതൃകക്ഷി പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറായിരുന്ന മജ്ഞു ദാസും രണ്ടാം എതൃകക്ഷി പ്രൊബേഷനറി എസ്.ഐ സുധീഷും ചേർന്ന് ക്രൂരമായി മർദ്ദിച്ച് പരിക്കേൽ പിച്ച സംഭവത്തെപ്പറ്റി അന്വേഷണം നടത്തി ടി ഒന്നും രണ്ടും എതൃകക്ഷികൾക്കെതിരെ നടപടി എടുക്കണമെന്നും നഷ്ടപരിഹാരം ഈടാക്കിത്തരണമെന്നുമാണ് ഹർജിയിൽ (എം.സി.ഒ.പി.171/2017) ആവശ്യപ്പെട്ടിരിക്കുന്നത്. എതൃകക്ഷികളുടെ ആക്ഷേപങ്ങളും ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ റിപ്പോർട്ടും പരിശോധിച്ച കമ്മീഷന്, ഹർജിക്കാരനായ അംജദ് സമദിന്, ഒന്നും രണ്ടും എതൃകക്ഷികളുടെ ഭാഗത്തു നിന്നു ക്രൂരവും മനുഷ്യത്വരഹിതവുമായ പോലീസ് മർദ്ദനം ഏൽക്കേണ്ടി വന്ന സംഭവത്തിൽ, ഹർജിക്കാരന്റെ പിതാവ് എം.എ.സമദ്, ഹർജിക്കാരനെ ചികിത്സിച്ച ഡോ.ബീഗം ഷഫീക്കാ, മറ്റ് സ്വതന്ത്ര സാക്ഷികൾ എന്നിവരുടെ മൊഴി രേഖപ്പെടുത്തി വിശദമായ ഒരു അന്വേഷണം പോലീസ് നടത്തിയിട്ടില്ല എന്നു വ്യക്തമായതിനാലും ഹർജിയിലെ ആരോപണം ഗൗരവമുള്ളതാണെന്ന് ബോദ്ധ്യപ്പെട്ടതിനാലും, ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച പരാതിയിലെ ആരോപണങ്ങളെപറ്റി ആലപ്പുഴ ജില്ലയ്ക്ക് പുറത്തുള്ള എസ്.പി. റാങ്കിലുള്ള ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥൻ നേരിട്ട് അന്വേഷണം നടത്തി മൂന്നു മാസത്തിനുള്ളിൽ വിശദമായ അന്വേഷണ റിപ്പോർട്ട് കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി അടിയന്തിര നടപടി എടുക്കേണ്ടതാണെന്ന് ഉത്തരവായി.

### 3.1.11 കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്ക് ക്യാന്റീൻകെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച്

ദിവസേന നൂറുകണക്കിന് രോഗികൾ ചികിത്സയ്ക്കായി എത്തുകയും ഐ.പി വിഭാഗത്തിൽ നൂറ്റമ്പതോളം രോഗികൾ കിടന്നുചികിത്സ നേടുകയും ചെയ്യുന്ന കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്ക് ക്യാന്റീൻ കെട്ടിട നിർമ്മാണത്തിനായി, ടി നിർമ്മാണ സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ വെട്ടിമാറ്റി തടസ്സരഹിതമായി ടി നിർമ്മാണസ്ഥലം ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഹർജിക്കാരൻ(എച്ച്. അബ്ദുൾ അസീസ്, ജനറൽ സെക്രട്ടറി, പി.യു.സി.എൽ, പനിച്ചയിൽ, മണങ്ങല്ലൂർ, കുറുവാമൂഴി പി.ഒ, കാഞ്ഞിരപ്പള്ളി-686 509) ഹർജിയിൽ(എം.സി.ഒ.പി. നമ്പർ-81/2019) ആവശ്യപ്പെട്ടിരിക്കുന്നത്. എതൃകക്ഷികളായ പൊതുമരാമത്ത് വകുപ്പ്

കെട്ടിടവിഭാഗം(ദക്ഷിണമേഖല) സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോട്ടയം ബിൽഡിംഗ് ഡിവിഷൻ എക്സിക്യുട്ടീവ് എഞ്ചിനീയർ, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രി സൂപ്രണ്ട് എന്നിവരുടെ റിപ്പോർട്ടുകൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും, പ്രതിദിനം നൂറുകണക്കിന് രോഗികൾ ചികിത്സയ്ക്കായി ആശ്രയിക്കുന്ന കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയോടനുബന്ധിച്ച് ശരിയായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു ക്യാന്റീൻ ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് കമ്മീഷന് ബോദ്ധ്യമായതിനാലും ക്യാന്റീൻ നിർമ്മിക്കുന്ന സ്ഥലത്തു നിൽക്കുന്ന മരങ്ങളുടെ ലേലം എത്രയും വേഗം നടത്തി, സ്ഥലം കരാറുകാരന് കൈമാറി നിർമ്മാണ ജോലികൾ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ എതൃകക്ഷികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്ന് ശിപാർശ ചെയ്തു കമ്മീഷൻ ഉത്തരവായി.

### 3.1.12 ഇടുക്കി ജില്ലയിൽ 'മന്നാൻ' വിഭാഗത്തിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത അർഹരായവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് സംബന്ധിച്ച്

ഇടുക്കി ജില്ലയിൽ മാത്രം ഉള്ളതും ഉദ്ദേശം പതിനയ്യായിരം ജനസംഖ്യയുള്ളതുമായ എസ്.ടി മന്നാൻ വിഭാഗത്തിൽ ആയിരത്തോളം പേർ വിവിധ പെന്തക്കോസ്ത് സഭകളിൽ ചേർന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തതിനാൽ റവന്യൂ അധികാരികൾ അവർക്ക് സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതിനെതിരെയും, ടിയാളുകൾക്ക് പട്ടികവർഗ്ഗത്തിനുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതിനെതിരെയും നടപടി സ്വീകരിക്കണമെന്ന ഹർജിക്കാരന്റെ(ശ്രീ.ജി.എൻ.കണ്ണൻ, ട്രൈബൽ മിഷൻ, കൊരങ്ങാട്ടി, ട്രൈബൽ സെറ്റിൽമെന്റ്, അടിമാലി) പരാതിയിലെ(എം.സി.ഒ.പി.308/2019) ആവശ്യത്തിൽ, തൊടുപുഴ തഹസീൽദാർ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച റിപ്പോർട്ടിൽ, നിലവിലുള്ള ഉത്തരവുകൾ പ്രകാരം പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങളെ പട്ടികവർഗ്ഗമായി തന്നെ പരിഗണിച്ച് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്നും അപ്രകാരം സർട്ടിഫിക്കറ്റ് അനുവദിച്ച് വരുന്നുണ്ടെന്നും ആർക്കെങ്കിലും സർട്ടിഫിക്കറ്റ് നിഷേധിച്ചിട്ടുണ്ടെങ്കിൽ അന്വേഷണം നടത്തി അർഹതപ്പെട്ടതാണെങ്കിൽ സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കുമെന്നും പ്രസ്താവിച്ചിരുന്നു. എന്നാൽ അർഹതപ്പെട്ട പലർക്കും സർട്ടിഫിക്കറ്റ് ലഭിക്കാത്ത സാഹചര്യം നിലവിലുള്ളതിനാൽ വേണ്ട നിർദ്ദേശം

ബന്ധപ്പെട്ട അധികാരികൾക്ക് നൽകണമെന്ന് കമ്മീഷൻ മുമ്പാകെ ഹർജിക്കാരൻ ബോധിപ്പിക്കുകയുണ്ടായി. ഹർജിക്കാരന്റെ പരാതിയും തഹസീൽദാറുടെ റിപ്പോർട്ടും പരിഗണിച്ച കമ്മീഷൻ, മന്നാൻ വിഭാഗത്തിൽ നിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തു എന്ന കാരണത്താൽ ഹർജിക്കാരന്റെ സമൂഹത്തിലുള്ളവർക്ക് സർട്ടിഫിക്കറ്റ് നിഷേധിക്കുന്നതും തന്മൂലം അവർക്ക് സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്നതും നീതി നിഷേധമാണെന്ന് കാണുകയും അർഹതപ്പെട്ട ആർക്കെങ്കിലും സർട്ടിഫിക്കറ്റ് നിഷേധിച്ചിട്ടുണ്ടെങ്കിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അന്വേഷണം നടത്തി കൃത്യമായ ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി എതൃകക്ഷി അടിയന്തിരമായി സ്വീകരിക്കേണ്ടതാണെന്നും ഉത്തരവായി.

### 3.1.13 1872-ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് തിരുവിതാംകൂറിലേക്കും കൊച്ചിയിലേക്കും കൂടി വ്യാപിപ്പിക്കണമെന്ന ഹർജിയെ സംബന്ധിച്ച്

അഡ്വ. സോളമൻ വർഗ്ഗീസ്(S/o കെ.കെ.വർഗ്ഗീസ്, കല്ലേലി ഹൗസ്, മുരിയാട് പി.ഒ., തൃശൂർ ജില്ല - 680683) ബോധിപ്പിച്ച പരാതിയിൽ (എം.സി.ഒ.പി.94/2017) 1872-ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് തിരുവിതാംകൂറിലേക്കും കൊച്ചിയിലേക്കും കൂടി വ്യാപിപ്പിക്കണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. കമ്മീഷൻ എതൃകക്ഷികളായ നിയമവകുപ്പ് സെക്രട്ടറിയോടും നികുതി വകുപ്പ് സെക്രട്ടറിയോടും രജിസ്ട്രേഷൻ ഐ.ജി.യോടും റിപ്പോർട്ട് തേടുകയുണ്ടായി. കമ്മീഷൻ ഹർജിക്കാരന്റേയും എതൃകക്ഷികളുടേയും വാദങ്ങൾ വിശദമായി കേൾക്കുകയും രേഖകൾ പരിശോധിക്കുകയുമുണ്ടായി. ഹർജിവിഷയത്തിൽ ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും വിശദമായി പരിശോധിച്ചതിൽ 1872-ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് പഴയ കൊച്ചി, തിരുവിതാംകൂർ ഭൂപ്രദേശങ്ങളിൽ കൂടി ബാധകമാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് കമ്മീഷൻ കരുതുന്നു. 1872-ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് ഒരു കേന്ദ്ര നിയമമായതിനാൽ ടി നിയമം ഇന്ത്യ മുഴുവനും ബാധകമായിരിക്കുന്നതിനാലും തമിഴ്നാട് സർക്കാർ 1956-ലെ സംസ്ഥാന പുനഃനിർണയ പ്രകാരം തമിഴ്നാട് സർക്കാരിന് കൈമാറിക്കിട്ടിയ പഴയ തിരുവിതാംകൂർ പ്രദേശങ്ങളായ കന്യാകുമാരി ജില്ലയിലും ചെങ്കോട്ട താലൂക്കിലും 1872-ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട്

ബാധമാക്കുന്നതിനുവേണ്ടി നടത്തിയ 1995-ലെ 27-ാം നമ്പർ തമിഴ്നാട് നിയമസഭ പാസാക്കിയ നിയമത്തിന്റെ മാതൃകയിൽ ഒരു നിയമനിർമ്മാണം നടത്തുന്നതാവും നിയമപരമായി അഭികാമ്യമെന്നും കമ്മീഷൻ നിരീക്ഷിച്ചതിനാൽ 1872--ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്ട് പഴയ കൊച്ചി, തിരുവിതാംകൂർ ഭൂപ്രദേശങ്ങളിൽ കൂടി ബാധകമാക്കുന്നതിനുവേണ്ട നിയമനിർമ്മാണം നടത്തുന്നതിനുള്ള നടപടികളെടുക്കുന്നതിന് ബഹു. കേരള സർക്കാരിനോടും നിയമവകുപ്പിനോടും കമ്മീഷൻ ശിപാർശ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.14 ആളുമാറി പ്രതിചേർത്ത് റിമാന്റ് ചെയ്യിച്ച പോലീസ് നടപടിക്കെതിരായ പരാതി സംബന്ധിച്ച്

ഹർജിക്കാരിയുടെ(ശ്രീമതി.നസ്രീന വി.കെ, W/o താജുദ്ദീൻ, താജ്നാസ്, കതിരൂർ പി.ഒ, കണ്ണൂർ) ഭർത്താവിനെ മാലമോഷണക്കേസിൽ ആളുമാറി പ്രതിചേർത്ത് റിമാന്റ് ചെയ്യിച്ച ചക്കരക്കൽ പോലീസിന്റെ നടപടിക്കെതിരെയും കേസിൽ നിരപരാധിയായ തന്റെ ഭർത്താവിനെ രക്ഷിക്കാനും വേണ്ട നടപടി കമ്മീഷൻ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബോധിപ്പിച്ച ഹർജിയിൽ(എം.സി.ഒ.പി.336/2018) എതൃകക്ഷികൾ(കണ്ണൂർ ജില്ലാ പോലീസ് മേധാവി, കണ്ണൂർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, സ്റ്റേഷൻ ഹൗസ് ഓഫീസർ, ചക്കരക്കൽ പോലീസ് സ്റ്റേഷൻ സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ച കമ്മീഷൻ, എസ്.ഐയുടെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ച അക്ഷന്തവ്യമാണെന്നും ഒരു നിരപരാധിയെ കേസിൽ ഉൾപ്പെടുത്തുക വഴിയുണ്ടാകുന്ന മാനഹാനിയും സമൂഹമദ്ധ്യത്തിലുണ്ടാകുന്ന അപമാനവും ദുഷ്പേരും എസ്.ഐയും അന്വേഷണ ഉദ്യോഗസ്ഥരും മനസ്സിലാക്കാൻ ബാദ്ധ്യസ്ഥരാണെന്നും ആയതിനാൽ കണ്ണൂർ ജില്ലാ പോലീസ് മേധാവി ഇക്കാര്യത്തിൽ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും ഇപ്രകാരം മേലിൽ സംഭവിക്കാതിരിക്കാൻ വേണ്ട മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും നിർദ്ദേശിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

### 3.1.15 വാസഗൃഹം നിർമ്മിക്കുന്നതിനുവേണ്ട അനുമതി കിട്ടുന്നത് സംബന്ധിച്ച്

കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിലെ മുഗ്രാൽ വില്ലേജിൽ താമസക്കാരനായ ഹർജിക്കാരൻ (ശ്രീ. മഹമ്മദ് ബി.എ, S/o അബ്ദുള്ള ഹാജി, പേരാൽ ബസ് സ്റ്റേപ്പിനു സമീപം, മോഗ്രാൽ പി.ഒ, കാസർഗോഡ് - 671 321) 38 വർഷമായി പേരാൽ ബസ് സ്റ്റോപ്പിനടുത്ത് താമസമാണെന്നും തനിക്ക് അവകാശപ്പെട്ട മൂന്നേമുക്കാൽ സെന്റ് സ്ഥലത്ത് 13 വർഷമായി വീടുവച്ച് ഭൂനികുതിയും കെട്ടിടനികുതിയും അടച്ചുവരുന്നിരുന്നുവെന്നും വീട് ജീർണാവസ്ഥയിലായിരുന്നതിനാൽ ഏതാനും മാസങ്ങൾക്ക് മുമ്പ് കുമ്പള ഗ്രാമപഞ്ചായത്ത് മുമ്പാകെ 725 സ്ക്വയർ ഫീറ്റ് വിസ്തീർണമുള്ള ഒരു വീട് വയ്ക്കുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചുവെന്നും എന്നാൽ വീടിന്റെ കുറച്ചുഭാഗം പഞ്ചായത്തുപുറമ്പോക്കിൽ പെട്ടതാണെന്ന പഞ്ചായത്ത് ഓവർസിയറുടെ റിപ്പോർട്ട് പ്രകാരം കാസർഗോഡ് ജില്ലാ കളക്ടറെ ബന്ധപ്പെട്ടുവെന്നും കളക്ടർ ഇക്കാര്യത്തിൽ എത്രയും പെട്ടെന്ന് തീർപ്പുകൽപ്പിക്കാനായി പഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം നൽകിയെന്നും അതിൻപ്രകാരം വില്ലേജ് ഓഫീസർ സ്ഥലം അളന്ന് സ്കെച്ചുണ്ടാക്കി എഞ്ചിനീയറുടെ പ്ലാൻ അടക്കം ഗ്രാമപഞ്ചായത്തിന് സമർപ്പിച്ചുവെന്നും എന്നാൽ അപേക്ഷ തിരിച്ചയച്ചുവെന്ന് ഓവർസിയർ അനുകൂലമല്ലാത്ത സമീപനമാണ് കൈക്കൊള്ളുന്നതെന്നും എത്രയും പെട്ടെന്ന് ഭാര്യയും കുഞ്ഞുങ്ങളുമടക്കമുള്ള തനിക്ക് താമസിക്കുന്നതിന് ഒരു വാസഗൃഹം നിർമ്മിക്കുന്നതിനുവേണ്ട അനുമതി കിട്ടുന്നതിനുവേണ്ടി കമ്മീഷൻ ഇടപെടണമെന്നുമുള്ള ഹർജിക്കാരന്റെ ആവശ്യത്തിൽ(എം.സി.ഒ.പി.337/2018), കാസർഗോഡ് ജില്ലാ കളക്ടർ, കുമ്പള ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരുടെ റിപ്പോർട്ടുകൾ പരിശോധിച്ച കമ്മീഷൻ, ഹർജിക്കാരന്റെ അപേക്ഷയിന്മേൽ മാനുഷികപരിഗണന വച്ച് കുമ്പള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശം കാസർഗോഡ് ജില്ലാ കളക്ടർ പരിഗണിക്കണമെന്നും അനുകമ്പാർഹമായ (Compassionate Ground) പരിഗണന നൽകി ഭവനരഹിതനായ ഹർജിക്കാരന് ഒരു ഭവനം നിർമ്മിക്കുന്നതിനുവേണ്ടി രണ്ടുസെന്റ് പഞ്ചായത്തുപുറമ്പോക്ക് ഭൂമി വിട്ടുനൽകാമെന്ന പഞ്ചായത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി രണ്ടുസെന്റ് പഞ്ചായത്ത്പുറമ്പോക്ക് ഭൂമി ഹർജിക്കാരന് പതിച്ചുനൽകുന്നതിനുവേണ്ട നടപടികൾ അടിയന്തിരമായി കൈക്കൊള്ളണമെന്ന് ഉത്തരവായി.

**3.1.16 ഹർജിക്കാരനെ ഗുാലിസ്റ്റിൽ ഉൾപ്പെടുത്തി പോലീസ് ന്യൂന പക്ഷപീഡനം നടത്തുന്നതിനെതിരെയുള്ള പരാതി പരിഹരിക്കുന്നത് സംബന്ധിച്ച്**

ഹർജിക്കാരൻ (ശ്രീ.നവാസ് പി.എ, S/o അബൂബക്കർ, പോക്കാക്കില്ലത്ത് ഹൗസ്, ചുളിങ്ങാട് പി.ഒ, കൈപ്പമംഗലം വില്ലേജ്, കൊടുങ്ങല്ലൂർ താലൂക്ക്) മതിലകം പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 220/96 നമ്പർ കേസിലെ രണ്ടാം പ്രതിയായിരുന്നുവെന്നും ടി കേസ് എസ്.സി.124/99 നമ്പറായി തൃശൂർ അതിവേഗ കോടതി വിചാരണ ചെയ്ത് മുഴുവൻ പ്രതികളേയും കുറ്റക്കാരല്ല എന്നുകണ്ട് വെറുതെ വിട്ടിട്ടുള്ളതാണെന്നും ആയതിനുശേഷമോ അതിനു മുമ്പോ ഒരു പെറ്റിക്കേസിൽ പോലും ഹർജിക്കാരൻ പ്രതിയായിട്ടില്ലെന്നും കോടതി കുറ്റക്കാരനല്ല എന്ന് കണ്ട് വെറുതെ വിട്ടതിന് ശേഷവും എതൃകക്ഷികളായ മതിലകം സബ് ഇൻസ്പെക്ടറും കൊടുങ്ങല്ലൂർ സബ് ഇൻസ്പെക്ടറും മാറിമാറി സ്റ്റേഷനിലേക്ക് വിളിപ്പിക്കുകയും ഫോട്ടോകൾ എടുക്കുകയും വോട്ടർ ഐഡന്റിറ്റി കാർഡും ഡ്രൈവിംഗ് ലൈസൻസും പാസ്പോർട്ടും മറ്റും വാങ്ങി പരിശോധിക്കുകയും നമ്പർ എഴുതിയെടുക്കുകയും സ്റ്റേഷനിൽ ഒപ്പിടുവിക്കുകയും വെള്ളിയാഴ്ചത്തെ പോലീസ് പരേഡിൽ മുഴുവൻ പോലീസുകാരുടേയും മുന്നിൽ വെച്ച് കേസിന്റെ വിശദാംശങ്ങൾ ഹർജിക്കാരനെക്കൊണ്ട് പറയിപ്പിക്കുകയും ചെയ്തുവരികയാണെന്നും പലപ്പോഴും തലേന്ന് രാത്രി വിളിച്ച് പിറ്റേന്ന് രാവിലെ 6 മണിക്കും 7 മണിക്കും എത്താനാണ് സ്റ്റേഷനിൽ നിന്നും വിളിച്ചു ആവശ്യപ്പെടുന്നതെന്നും അന്യസംസ്ഥാനത്ത് ജോലി ചെയ്യുന്ന തനിക്ക് എത്തിപ്പെടാനുള്ള ബുദ്ധിമുട്ടുകൾ പറഞ്ഞാൽ സമയത്തിന് വന്നില്ലെങ്കിൽ വിവിധ വകുപ്പുകൾ പ്രകാരം പ്രതിയാക്കി കേസ്സെടുക്കുമെന്ന് ഭീഷണിപ്പെടുത്തുകയാണെന്നും ഒന്നിലേറെ കൊലപാതകക്കേസുകളിലും മറ്റും പ്രതിയാക്കപ്പെട്ടവരും ശിക്ഷിക്കപ്പെട്ടവരുമായ അനേകം പേർ ഈ സ്റ്റേഷൻ അതിർത്തിയിൽ സ്വൈര്യവിഹാരം നടത്തുമ്പോഴാണ് തന്നെ നിരന്തരം സ്റ്റേഷനിൽ വിളിപ്പിച്ച് പോലീസുകാരുടേയും നാട്ടുകാരുടേയും മറ്റും മുന്നിൽ വെച്ച് പീഡിപ്പിക്കുന്നതെന്നും ന്യൂനപക്ഷ സമുദായാംഗമായ തന്നെ ആ ഒരു കാരണത്താൽ മാത്രമാണ് ഇപ്രകാരം പീഡിപ്പിക്കുന്നതെന്നും മാത്രമല്ല തന്നെ ഗുണ്ടാലിസ്റ്റിലും ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയുന്നുവെന്നും ഇക്കാര്യത്തിൽ തന്നോട് അനുകമ്പാപൂർവ്വമായ

സമീപനം കൈക്കൊണ്ട് കമ്മീഷൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബോധിപ്പിച്ച ഹർജിയിൽ(എം.സി.ഒ.പി.16/2018) കമ്മീഷൻ ജില്ലാ പോലീസ് മേധാവി (റൂറൽ), തൃശ്ശൂർ-ന് നോട്ടീസ് അയയ്ക്കുകയും കമ്മീഷന്റെ നോട്ടീസ് ശ്രദ്ധയിൽപെട്ട ജില്ലാ പോലീസ് മേധാവി സത്വര നടപടികളെടുത്ത് ഹർജിക്കാരനെതിരെ നിയമവിരുദ്ധമായി നടന്നുവന്നിരുന്ന നടപടികൾ അവസാനിപ്പിക്കുകയുമുണ്ടായി.

### 3.1.17 ഖബർസ്ഥാന്റെ മുകളിലൂടെ എലിവേറ്റഡ് ഹൈവേ സമ്പ്രദായം പരിഗണിക്കുന്നത് സംബന്ധിച്ച്

ശരീഅത്തുൽ ഇസ്ലാം ജമാഅത്ത് പള്ളിവക ആദിനാട് വില്ലേജിൽ സർവ്വേ നമ്പർ 171/2 ലെ 642 ച. മീറ്റർ സ്ഥലം ഹൈവേയ്ക്ക് വേണ്ടി ഏറ്റെടുക്കുവാൻ മാർക്ക് ചെയ്ത് കല്ലിട്ടിരിക്കുകയാണെന്നും പ്രസ്തുത സ്ഥലത്ത് ധാരാളം ഖബറുകൾ ഉള്ളതിനാൽ അത് നശിപ്പിക്കുന്നത് ജമാഅത്ത് അംഗങ്ങൾക്കും മരണപ്പെട്ടവരുടെ ബന്ധുക്കൾക്കും വളരെയധികം വേദനയും, വികാരവും ഉണ്ടാക്കുന്ന കാര്യമാണെന്നും ആയതിനാൽ ഇപ്പോഴത്തെ അലൈന്റ്മെന്റിൽ ആവശ്യമായ മാറ്റം വരുത്തി ഖബർസ്ഥാൻ ഒഴിവാക്കിത്തരാൻ സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ലാന്റ് അക്വസിഷൻ എൻ.എച്ച് 47 (പുതിയ 66) - എൽ. എ, എൻ. എച്ച്. എ. ഐ. കൊല്ലം എന്നിവരുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് ഹർജിക്കാരൻ(അഡ്വ. കെ.പി.മുഹമ്മദ്, പ്രസിഡന്റ്, ശരിഅത്തുൽ ഇസ്ലാം ജമാഅത്ത് പുത്തൻതെരുവ്, കരുനാഗപ്പള്ളി, കെ.എസ്.പുരം പി.ഒ., കൊല്ലം- 690544) സമർപ്പിച്ച പരാതിയിലെ(എം.സി.ഒ.പി.265/2019) ആവശ്യത്തിന്മേൽ കമ്മീഷൻ അംഗം അഡ്വ. മുഹമ്മദ് ഫൈസൽ സ്ഥലപരിശോധന നടത്തുകയും എതൃകക്ഷികളുടെ റിപ്പോർട്ടുകളും ഹർജിക്കാരന്റെ പരാതിയും വിശദമായി പരിശോധിക്കുകയും ചെയ്തതിൽ, 25 മീറ്റർ നീളത്തിലും ഏകദേശം 7½ മീറ്റർ വീതിയിലുമുള്ള ഖബർസ്ഥാൻ സ്ഥിതി ചെയ്യുന്ന പുത്തൻതെരുവ് ശരിഅത്തുൽ ഇസ്ലാം ജമാഅത്ത് കമ്മിറ്റിയുടെ വക ഖബർസ്ഥാനിന്റെ മുകളിലൂടെ ഭൂതലത്തിൽ നിന്നും ഏതാനും അടി ഉയരത്തിൽ ഒരു എലിവേറ്റഡ് ഹൈവേ സമ്പ്രദായത്തിൽ സർവീസ് റോഡുകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കണമെന്ന് ദേശീയപാത അധികൃതരോടും, ബഹുമാനപ്പെട്ട സർക്കാരിനോടും, ബന്ധപ്പെട്ട അധികൃതരോടും കമ്മീഷൻ ശുപാർശ ചെയ്തുകൊണ്ട് ഉത്തരവായി.

### അദ്ധ്യായം 3

## കമ്മീഷന്റെ ക്യാമ്പ് സിറ്റിംഗുകൾ

കമ്മീഷന് ലഭിച്ച പ്രത്യേക പരാതികളിന്മേൽ അന്വേഷണം നടത്തി പരിഹാര നടപടികൾ നിർദ്ദേശിക്കുന്നതിനായി റിപ്പോർട്ട് കാലയളവിൽ വിവിധ ജില്ലകളിലായി **55** ക്യാമ്പ് സിറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്. അവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ജില്ല | സിറ്റിംഗുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 6 |
| കൊല്ലം | 8 |
| ആലപ്പുഴ, പത്തനംതിട്ട മേഖലകൾ | 8 |
| കോട്ടയം, ഇടുക്കി മേഖലകൾ | 8 |
| എറണാകുളം | 5 |
| തൃശൂർ | 8 |
| പാലക്കാട് | 3 |
| മലപ്പുറം | 3 |
| കണ്ണൂർ, കാസർഗോഡ് മേഖലകൾ | 6 |
| **ആകെ** | **55** |

### അദ്ധ്യായം 4

## കമ്മീഷൻ നടത്തിയ സെമിനാറുകൾ, മീറ്റിംഗുകൾ

ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുകയും സെമിനാറുകൾ, സിമ്പോസിയം, ബോധവത്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുകയും ചെയ്യുക എന്നത് കമ്മീഷന്റെ ചുമതലയിൽപ്പെട്ടതാണ്. റിപ്പോർട്ട് കാലയളവിൽ ചുവടെ ചേർത്തിട്ടുള്ള സെമിനാറുകൾ വിവിധ ജില്ലകളിൽ നടത്തിയിട്ടുണ്ട്.

**കമ്മീഷൻ നടത്തിയ സെമിനാറുകൾ**

| ജില്ല | തിയതി | വിഭാഗം |
|---|---|---|
| ഇടുക്കി | 06.04.2019 | ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾക്ക് |
| കണ്ണൂർ | 07.12.2019 | ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങൾക്ക് |

**റിപ്പോർട്ട് കാലയളവിൽ ക്രിസ്ത്യൻ, മുസ്ലീം വിഭാഗങ്ങളിലെ മതനേതാക്കളുമായി വിവിധ ജില്ലകളിൽ നടത്തിയ മീറ്റിംഗുകൾ**

| തിയതി | ജില്ല |
|---|---|
| 29.06.2019 | കോട്ടയം |
| 15.07.2019 | എറണാകുളം |
| 20.07.2019 | ആലപ്പുഴ |
| 27.07.2019 | പത്തനംതിട്ട |
| 03.08.2019 | കൊല്ലം |
| 17.08.2019 | തിരുവനന്തപുരം |
| 07.09.2019 | തൃശൂർ |
| 19.09.2019 | മലപ്പുറം |
| 03.10.2019 | ഇടുക്കി (തൊടുപുഴ) |

### അദ്ധ്യായം 5

# കമ്മീഷൻ നടത്തിയ സ്ഥലസന്ദർശനങ്ങളും റിപ്പോർട്ടുകളും

എറണാകുളം ജില്ലയിലെ തീരപ്രദേശമായ ഫോർട്ട്കൊച്ചി മുതൽ ചെല്ലാനം വരെയുള്ള വിവിധ ഇടവകകളിൽ നിന്നുമുള്ള ജനങ്ങളുടെ പ്രതിനിധികളായി വൈദികരും മറ്റും ഒപ്പിട്ട് കമ്മീഷൻ മുമ്പാകെ എം.സി.ഒ.പി. 236/2019 നമ്പറായി ബോധിപ്പിച്ച പരാതിയിൽ 16.07.2019 തിയതിയിലും, എറണാകുളം ജില്ലയിലെ കുന്നത്തുനാട് താലൂക്ക് പട്ടിമറ്റം വില്ലേജിൽ ചൂരക്കോട് പ്രദേശത്ത് ഒരു നമസ്കാര പള്ളിയുടെയും(തൈക്കാവ്) മദ്രസയുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ മുമ്പാകെ എം.സി.ഒ.പി.28/2019-ാം നമ്പറായി ശ്രീ.ബാബു സെയ്താലി, പ്രസിഡന്റ്, റഹ്മാനിയ മസ്ജിദ് നിർമ്മാണ കമ്മിറ്റി, ചൂരക്കോട്, പട്ടിമറ്റം പി. ഒ., എറണാകുളം ജില്ല - 683562 നൽകിയ ഹർജിയുടെ അടിസ്ഥാനത്തിൽ 01.08.2019-ന് പകൽ 10.30 മണിക്കും, എറണാകുളം ചേരാനല്ലൂർ ബട്ടർഫ്ളൈ ഫ്ളൈഓവർ കുടിയിറക്കൽവിരുദ്ധ സമിതി കൺവീനർ ശ്രീ.അബ്ദുൾ സലാം കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ച എം.സി.ഒ.പി. 38/2019 നമ്പർ പരാതിയിൽ 01.08.2019-ന് പകൽ 02.30 മണിക്കും കമ്മീഷൻ സ്ഥലങ്ങൾ നേരിട്ട് സന്ദർശിക്കുകയും ടി സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലസന്ദർശന റിപ്പോർട്ടുകൾ തയാറാക്കുകയും സർക്കാർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്.

I. ചെല്ലാനം തീരമേഖലയിൽ 16.07.2019-ന് കമ്മീഷൻ നടത്തിയ സ്ഥലസന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്ഥലസന്ദർശന റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

**"ചെല്ലാനം ഭാഗത്ത് ഉദ്ദേശം 1,100 മീറ്റർ നീളത്തിൽ കടൽക്ഷോഭം കാരണം തീരദേശപ്രദേശത്താകെ ഭൂമി കടലിലേക്ക് ഇടിഞ്ഞുകൊണ്ടിരിക്കുന്നതായി കാണുന്നു. നിലവിൽ കരിങ്കല്ല് കടലിനോട് ചേർന്ന**

ഭാഗത്ത് (തീരത്തോട് ചേർന്ന്) ഇട്ടിട്ടുണ്ടെങ്കിലും കടൽക്ഷോഭത്തിന് പരിഹാരം കാണുന്നില്ല. അടുത്തകാലത്തായി കരിങ്കല്ലിട്ട ഭാഗത്തിനടുത്ത് കരയിലേക്ക് മാറി ജിയോ ബാഗുകൾ അടുക്കിവെച്ചതായി കാണുന്നു. സ്ഥലവാസികൾ പറയുന്നത് കടൽക്ഷോഭത്തിന് ജിയോബാഗ് പരിഹാരമാവില്ലെന്നാണ്. കടൽക്ഷോഭത്തിന്റെ തീവ്രത കുറയ്ക്കുന്നതിന് ചെല്ലാനം തീരത്ത് 1,100 മീറ്റർ നീളത്തിൽ കരിങ്കല്ലുകൊണ്ടുള്ള retaining wall-ഉം കൂടാതെ കടലിലേക്ക് 100 മീറ്റർ ഉള്ളിലേക്ക് ദ്രോണാചാര്യ മോഡൽ പുലിമുട്ടും നിർമ്മിക്കണം.

കടൽക്ഷോഭം കൊണ്ട് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന സ്ഥലത്തായി നിരവധി വീടുകൾ സ്ഥിതി ചെയ്യുന്നു. ടി വീടുകളിൽ വെള്ളം കയറിയിട്ടുണ്ടെങ്കിലും ആൾതാമസം ഇപ്പോഴുമുണ്ട്. retaining wall-ഉം പുലിമുട്ടും അടിയന്തിരമായി നിർമ്മിക്കേണ്ടതാണെന്ന് കാണുന്നു. തദ്ദേശവാസികളിൽ ഭൂരിഭാഗവും പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ്. അവരിൽ ഭൂരിഭാഗവും മതന്യൂനപക്ഷത്തിൽപെട്ടവരാണ്.

ചെല്ലാനം കമ്പനിപ്പടി എന്ന സ്ഥലത്തുള്ള വീടുകളിലെ സ്ത്രീജനങ്ങൾ കമ്മീഷന്റെ സന്ദർശനസമയത്ത് കൂട്ടമായി എത്തുകയും അവരുടെ പ്രശ്നങ്ങൾ കമ്മീഷനോട് നേരിട്ട് പറയുകയുമുണ്ടായി. കടൽക്ഷോഭമുള്ള സമയത്ത് അവരുടെ വീടുകളിൽ താമസിക്കുന്നത് സുരക്ഷിതമല്ലാത്തതിനാൽ വീടുകളിൽ നിന്നും ഒഴിഞ്ഞുപോകേണ്ട സാഹചര്യമാണുള്ളത്. വീടുകളിൽ വെള്ളം കയറുന്നതുകൊണ്ട് കക്കൂസ്മാലിന്യവും കുടിവെള്ളവും കൂടിക്കലർന്ന് ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകുന്നു.

കടൽക്ഷോഭ സമയത്ത് വീടുകളിൽ വെള്ളം കയറുന്നതിനാൽ വീടുകളിലുള്ള കിടപ്പുരോഗികൾക്ക് പുറത്തുപോകാൻ പറ്റാത്ത സാഹചര്യമാണുള്ളത്. വെള്ളം കയറുന്ന സമയത്ത് ഇഴജന്തുക്കളിൽ നിന്നും മറ്റും ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി കാണുന്നു. വീടുകളിൽ വെള്ളം കയറുന്നതും ചെളി അടിഞ്ഞുകൂടുന്നതും നീക്കം ചെയ്യുന്നതിന് സർക്കാർതലത്തിൽ നിന്ന് അടിയന്തിര നടപടി ആവശ്യമാണ്.

തീരത്തോട് ചേർന്നുള്ള ജോസഫ് ഇടമുക്കിൽ എന്നയാളുടെ വീട് കമ്മീഷൻ നേരിട്ട് സന്ദർശിച്ചപ്പോൾ കടൽക്ഷോഭം കാരണം വീടിന്റെ ഒരു ഭാഗം പൂർണമായി നശിച്ചതായി കണ്ടു. മുറ്റത്ത് മണൽ അടിഞ്ഞുകൂടി വീടിന്റെ തറഭാഗം വരെ ഉയർന്നതായി കാണുന്നു. ഇപ്പോൾ കാണുന്ന തീരത്ത് നിന്ന് ഉദ്ദേശം 5 കി.മീ. അകലെയായിരുന്നു കടൽത്തീരമെന്ന് സ്ഥലവാസികൾ പറയുന്നു. വർഷങ്ങളായുള്ള കടൽക്ഷോഭം മൂലം കടൽ കരയെടുത്തതിനാൽ ദൂരം കുറഞ്ഞുകുറഞ്ഞ് ഇപ്പോഴുള്ള കടൽത്തീരത്ത് കടൽ എത്തിയിരിക്കുന്നു. കടൽക്ഷോഭം ഉണ്ടാകാൻ ഒരു പ്രധാന കാരണം കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ കപ്പൽ ചാനലിൽ ആഴം കൂട്ടിയതുകൊണ്ടാണെന്ന് തീരദേശവാസികൾ പറയുന്നു. വൈപ്പിനിൽ എൽ.എൻ.ജി. ടെർമിനൽ വന്നതും, ചെല്ലാനം മിനി ഫിഷിംഗ് ഹാർബർ വന്നതും കടൽക്ഷോഭത്തിന്റെ തീവ്രത വർദ്ധിക്കാൻ കാരണമായതായും തീരദേശവാസികൾ പറയുന്നു.

മത്സ്യബന്ധന തൊഴിലാളികളായ സ്ഥലവാസികൾക്ക് ഈ പ്രദേശം വിട്ടുപോകാൻ പറ്റാത്ത അവസ്ഥയാണ്. ഇവിടെ നിന്നും മാറിയാൽ അത് അവരുടെ തൊഴിലിനെ ബാധിക്കും എന്നതാണ് അവർ പറയുന്ന കാരണം. കടൽക്ഷോഭ സമയത്ത് കടലിൽ നിന്നും തിരയടിച്ച് മണൽ തീരപ്രദേശത്തെ വീടുകളിൽ കയറി മുറ്റത്ത് മണൽ അടിഞ്ഞുകൂടിയ നിലയിലാണ്. വീടിനുള്ളിലും മണൽ കയറിയിട്ടുണ്ട്. സന്ദർശനസമയം കടലിൽ ശക്തമായ തിരമാല അടിക്കുന്നതുകൊണ്ട് കരയിലേക്ക് വെള്ളം കയറുന്നതായി കാണുന്നു. അങ്ങനെ കയറുന്ന വെള്ളം വീടുകളിലേക്കും കയറിക്കൊണ്ടിരിക്കുന്നു. വെള്ളം കയറുന്നുണ്ടെങ്കിലും മറ്റ് മാർഗങ്ങളില്ലാത്തതുകൊണ്ട് വീട്ടിലുള്ളവർക്ക് മാറിപ്പോകാൻ കഴിയുന്നില്ല. ജിയോബാഗ് നിരത്തിയിട്ടുണ്ടെങ്കിലും അതിന്റെ മുകളിൽ കൂടി വെള്ളം കടലിൽ നിന്നും കരയിലേക്ക് കയറുന്നതായി കാണുന്നു.

കടലിൽ നിന്നും കരയിലേക്ക് കയറുന്ന വെള്ളം വീടുകളിലേക്ക് കയറി അത് തിരിച്ചുപോകാത്തതിന് പ്രധാന കാരണം സ്ഥലത്തുള്ള പല പ്രധാന തോടുകളിൽ നിന്നും മാലിന്യങ്ങൾ പഞ്ചായത്ത് നീക്കാ

ത്തതുകൊണ്ടാണെന്ന് കാണുന്നു. മാലിന്യങ്ങളും മണ്ണും നീക്കി തോടുകളുടെ ആഴം പുനഃസ്ഥാപിക്കേണ്ടതാണ്. സന്ദർശനസമയം കടലിൽ നിന്ന് കയറുന്ന വെള്ളം വീടുകളിലേക്ക് കയറാതിരിക്കാൻ ഭൂരിഭാഗം വീടുകളുടെയും മുൻഭാഗം വാതിലിന്റെയും ജനാലയുടെയും അടിഭാഗത്തുനിന്നും ഉദ്ദേശം ഒരു മീറ്റർ ഉയരം വരെ കോൺക്രീറ്റ് ചെയ്ത് അടച്ചതായി കാണുന്നു. വീടിന്റെ മുറ്റത്തും മലിനജലം കെട്ടിക്കിടക്കുന്നതായി കാണുന്നു. കടൽക്ഷോഭം കാരണം മണൽ അടിഞ്ഞുകൂടി എല്ലാ വീടുകളുടെയും ഫൗണ്ടേഷന് മുകളിലും വീടുകളുടെ ഉൾഭാഗങ്ങളും മണൽ മൂടികിടക്കുകയാണ്.

അടുക്കളഭാഗത്തുള്ള മുറ്റത്ത് കടൽവെള്ളം കെട്ടിക്കിടന്ന് മലിനാവസ്ഥയിലാണ്. എല്ലാ വീടുകളിലും കടൽവെള്ളം കയറി കക്കൂസ് മലിനാവസ്ഥയിലാണ്. ഈ പ്രദേശത്ത് മത്സ്യബന്ധന തൊഴിൽ ചെയ്യാത്തവരും താമസിക്കുന്നുണ്ട്. അവരുടെ വീടുകളിൽ കടൽക്ഷോഭം മൂലം നഷ്ടപ്പെട്ട കക്കൂസുകൾക്ക് അവർ മത്സ്യത്തൊഴിലാളികൾ അല്ലാത്തവരായതിനാൽ സർക്കാർ സഹായം കിട്ടുന്നില്ലെന്ന് അവർ പറയുന്നു.

1,100 മീറ്റർ എന്ന് നേരത്തെ സൂചിപ്പിച്ചതിൽ ചെല്ലാനം ബസാർ തീരദേശവും ഉൾപ്പെടും. കമ്പനിപ്പടി ഭാഗത്ത് കണ്ട അതേ അവസ്ഥയാണ് ഇവിടെയും കാണുന്നത്. ജിയോ ബാഗുകളിൽ മണൽ നിറച്ച് അടുക്കിവെച്ചിട്ടുണ്ടെങ്കിലും അത് സ്ഥാപിച്ച് മൂന്നാഴ്ചയ്ക്കുള്ളിൽ പൊട്ടിയതായി ആളുകൾ പറയുന്നു. ചെല്ലാനം വേളാങ്കണ്ണി എന്ന സ്ഥലത്ത് മണൽ നിറച്ച രണ്ട് ജിയോ ട്യൂബ് ഏകദേശം 50 മീറ്റർ നീളത്തിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അതിൽ പൂർണമായും മണൽ നിറച്ചതായി കാണുന്നില്ല. കൂടാതെ ആലപ്പുഴ ജില്ലയിലെ ഒറ്റമശ്ശേരി പ്രദേശത്ത് കടൽക്ഷോഭത്തിൽ രണ്ട് വീടുകൾ പൂർണമായി നഷ്ടപ്പെട്ടതായി കാണുന്നു. ഉദ്ദേശം 550 മീറ്റർ സ്ഥലത്ത് യാതൊരു വിധത്തിലുള്ള സംരക്ഷണഭിത്തിയും സ്ഥാപിച്ചിട്ടില്ലെന്ന് സ്ഥലവാസികൾ പറഞ്ഞു. ടി സ്ഥലത്ത് സംരക്ഷണഭിത്തി സ്ഥാപിച്ചതായി കാണുന്നില്ല.”

II.എം.സി.ഒ.പി.28/2019 നമ്പർ പരാതിയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ 01.08.2019-ന് പകൽ 10.30 മണിക്ക് എറണാകുളം ജില്ലയിൽ പട്ടിമറ്റം വില്ലേജിൽ ചൂരക്കോട് പ്രദേശത്ത് നടത്തിയ സ്ഥലസന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ തയാറാക്കിയ സ്ഥലസന്ദർശന റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

**"എറണാകുളം ജില്ലയിൽ പട്ടിമറ്റം ജംഗ്ഷനിൽ നിന്നും ഉദ്ദേശം 3 കി.മീ. ദൂരവുമുള്ള ചൂരക്കോട് എന്ന സ്ഥലത്ത് നിസ്ക്കാര പള്ളിയും മദ്രസയും പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലം സ്ഥിതി ചെയ്യുന്നു.**

**പള്ളി പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണം 5 സെന്റ് ആണ്. അതിന്റെ പടിഞ്ഞാറ് ഭാഗത്ത് പെരിയാർവാലി കനാൽ ആണ്. അതിന് പടിഞ്ഞാറ് ഭാഗത്ത് പൊതുവഴിയും അതിന്റെ പടിഞ്ഞാറ് ആൾത്താമസമില്ലാത്ത അഞ്ചേക്കർ വിസ്തീർണമുള്ള റബ്ബർതോട്ടവുമാണ്. പള്ളി പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ തെക്കുഭാഗത്ത് ഉദ്ദേശം 100 മീ. അകലത്തിൽ ക്രിസ്തുമത വിശ്വാസിയായ സോളമൻ എന്നയാളുടെ വീട് സ്ഥിതി ചെയ്യുന്നു. പള്ളി പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ സമീപം തെക്കുകിഴക്ക് ഭാഗങ്ങളിൽ മുസ്ലീം ഭവനങ്ങളാണ് സ്ഥിതിചെയ്യുന്നത്.**

**മേൽപറഞ്ഞ സ്ഥലത്തിന്റെ വടക്കുഭാഗത്ത് ഉദ്ദേശം 300 മീ. അകലെയായി ക്രിസ്തുമത വിശ്വാസികളായ 3 പേരുടെ വീടുകളുണ്ട്. കിഴക്കുഭാഗത്ത് മുസ്ലീംഭവനങ്ങളാണ്. പള്ളി പണിയാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ കിഴക്കുഭാഗത്ത് ഉദ്ദേശം 150 മീ. അകലെയായി തെക്കുവടക്ക് ദിശയിൽ ബസ്റൂട്ടുള്ള ഒരു പഞ്ചായത്ത് റോഡുണ്ട്. പാർക്കിംഗ് ഏരിയ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന രണ്ടര സെന്റ് സ്ഥലം തെക്കുഭാഗത്ത് സ്ഥിതി ചെയ്യുന്നതായി കാണുന്നു."**

III. എം.സി.ഒ.പി.38/2019 നമ്പർ പരാതിയുടെ അടിസ്ഥാനത്തിൽ കമ്മീഷൻ 01.08.2019-ന് പകൽ 02.30 മണിക്ക് എറണാകുളം ജില്ലയിലെ ചേരാനല്ലൂരിൽ നടത്തിയ സ്ഥലസന്ദർശന റിപ്പോർട്ട് താഴെ പറയും പ്രകാരമാണ്.

**"ദേശീയ പാതയുടെ വികസനത്തിനായി ചേരാനല്ലൂർ ജംഗ്ഷൻ ഉൾപ്പെടെ നിലവിലുള്ള 9 ഏക്കർ കൂടാതെ 36 ഏക്കർ ഭൂമി അക്വയർ ചെയ്ത് ഫ്ളൈഓവറും ക്ലോവർ ലീഫ് ഫ്ളൈഓവറും നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ യഥാർത്ഥത്തിൽ 36 ഏക്കർ സ്ഥലം അക്വയർ ചെയ്യേണ്ട ആവശ്യമില്ലെന്നും അപ്രകാരം അക്വയർ ചെയ്യുകയാണെങ്കിൽ നിരവധി വീടുകളും സ്ഥാപനങ്ങളും മറ്റ് കെട്ടിടങ്ങളും ആ പ്രദേശത്ത് താമസിക്കുന്നവർക്ക് നഷ്ടപ്പെടുമെന്നും സന്ദർശനസമയത്ത് സ്ഥലത്തുകൂടിയ സ്ഥലവാസികൾ പറഞ്ഞു.**

**ചെന്നെയിൽ ഏഷ്യയിലെ ഏറ്റവും വലിയ ഫ്ളൈഓവറായ കത്തിപ്പാറ ഫ്ളൈഓവർ നിർമ്മിക്കുന്നതിനുവേണ്ടി ഉദ്ദേശം 14 ഏക്കർ ഭൂമിയേ അക്വയർ ചെയ്തിട്ടുള്ളൂവെന്ന് വിവരാവകാശ രേഖകളുടെ അടിസ്ഥാനത്തിൽ സ്ഥലവാസികൾ കമ്മീഷനെ അറിയിക്കുകയുണ്ടായി. അതിനാൽ ഇപ്പോഴുള്ള 9 ഏക്കർ സ്ഥലം കൂടാതെ 5 ഏക്കർ ഭൂമി അക്വയർ ചെയ്ത് 14 ഏക്കർ സ്ഥലത്ത് ഫ്ളൈഓവറിന്റെയും ക്ലോവർ ലീഫ് ഫ്ളൈഓവറിന്റെയും പണി പൂർത്തിയാക്കാവുന്നതാണെന്ന് സ്ഥലവാസികൾ ബോധിപ്പിക്കുകയുണ്ടായി. അക്വയർ ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ലക്ഷംവീട് കോളനിയും ഉൾപ്പെടുന്നുണ്ട്. സ്ഥലവാസികൾ നിർദ്ദേശിച്ച പ്രകാരം 5 ഏക്കർ ഭൂമി അക്വയർ ചെയ്യുകയാണെങ്കിൽ 3 വീട് മാത്രമേ നഷ്ടപ്പെടുകയുള്ളൂ എന്നും അവർ പറഞ്ഞു."**

## അദ്ധ്യായം 6

# ആഘോഷ പരിപാടികൾ

### ന്യൂനപക്ഷ ദിനാചരണം

1992 ഡിസംബർ 18-ലെ ഐക്യരാഷ്ട്ര സഭയുടെ ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനം ആഗോളതലത്തിൽ ശ്രദ്ധേയമാണ്. അതിനെതുടർന്ന് എല്ലാ വർഷവും അന്നേദിവസം ദേശീയ ന്യൂനപക്ഷ ദിനമായി ആചരിച്ചുവരുന്നു. 2019 ഡിസംബർ 18-ാം തീയതി തിരുവനന്തപുരം ടാഗോർ തിയറ്ററിൽ വെച്ച് വൈകുന്നേരം 05.30 മണിക്ക് വിപുലമായ ആഘോഷപരിപാടികളോടെ ന്യൂനപക്ഷ ദിനാചരണത്തിന്റെ ഉദ്ഘാടനം ബഹു.ഉന്നത വിദ്യാഭ്യാസ, ന്യൂനപക്ഷ ക്ഷേമ, വഖഫ്, ഹജ്ജ് വകുപ്പ് മന്ത്രി ഡോ.കെ.ടി.ജലീൽ നിർവ്വഹിച്ചു.

ചുവടെ പ്രതിപാദിക്കുന്ന വിശേഷ ദിവസങ്ങൾ വ്യത്യസ്ത പരിപാടികളോടെ കമ്മീഷൻ റിപ്പോർട്ട് കാലയളവിൽ ആചരിച്ചിട്ടുണ്ട്.

**പട്ടിക 6**

| | | |
|---|---|---|
| 1 | ഭീകര വിരുദ്ധ ദിനം | 21.05.2019 |
| 2 | കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ വാർഷികം | 10.06.2019 |
| 3 | സ്വാതന്ത്ര്യദിനം | 15.08.2019 |
| 4 | മനുഷ്യാവകാശ ദിനം | 10.12.2019 |
| 5 | ന്യൂനപക്ഷ ദിനം | 18.12.2019 |
| 6 | റിപ്പബ്ലിക് ദിനം | 26.01.2020 |
| 7 | രക്തസാക്ഷിദിനം | 30.01.2020 |

### അദ്ധ്യായം 7

# കമ്മീഷന്റെ വരവ് ചെലവ് കണക്കുകൾ

സർക്കാരിൽനിന്നും ബഡ്ജറ്റ് വിഹിതത്തിലുൾപ്പെടുത്തി ലഭിക്കുന്ന സഹായധനം ഉപയോഗിച്ചാണ് കമ്മീഷൻ പ്രവർത്തിക്കുന്നത്. 2019-20 സാമ്പത്തിക വർഷത്തിൽ 2,09,18,000/- രൂപ സഹായധനമായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത സാമ്പത്തിക വർഷം 1,90,11,826/- രൂപ ചെലവായിട്ടുണ്ട്. റിപ്പോർട്ട് വർഷം (2019-20) ന്യൂനപക്ഷ കമ്മീഷന് ലഭിച്ച സാമ്പത്തിക സഹായത്തിന്റെ ഇനംതിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു:

| ശീർഷകം | ബജറ്റിൽ വകയിരുത്തിയ തുക | സർക്കാർ അനുവദിച്ച തുക |
|---|---|---|
| 2225-04-102-91-31 ധനസഹായം-ജനറൽ-ശമ്പളം | 1,78,44,000 | 1,55,00,000 |
| 2225-04-102-91-36- ധനസഹായം-ജനറൽ-ശമ്പളേതരം | 30,74,000 | 15,00,000 |
| **ആകെ** | **2,09,18,000** | **1,70,00,000** |

| ശീർഷകം | ലഭിച്ച തുക | ചെലവായ തുക | റിമാർക്സ് |
|---|---|---|---|
| 2225-04-102-91-31 ധനസഹായം-ജനറൽ-ശമ്പളം | 1,55,00,000 | 1,72,35,804 | മുൻവർഷങ്ങളിലെ അധിക തുകയും 2019-20 സാമ്പത്തിക വർഷത്തിൽ വിനിയോഗിച്ചിട്ടുണ്ട്. |
| 2225-04-102-91-36- ധനസഹായം-ജനറൽ-ശമ്പളേതരം | 15,00,000 | 17,76,022 | |
| **ആകെ** | **1,70,00,000** | **1,90,11,826** | |

### 7.1. വിവരാവകാശനിയമ പ്രകാരമുള്ള നടപടികൾ

വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ പ്രസ്തുത നിയമം അനുശാസിക്കുന്ന വിധം നടപടി സ്വീകരിക്കുന്നുണ്ട്. റിപ്പോർട്ട് വർഷത്തിൽ വിവരാവകാശ നിയമപ്രകാരം 17 അപേക്ഷകൾ കമ്മീഷനിൽ ലഭിക്കുകയും അതിൽ യഥാവിധി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

റിപ്പോർട്ട് കാലയളവിൽ ചുവടെ പരാമർശിക്കുന്ന ഉദ്യോഗസ്ഥരെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| 1. | അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ | ശ്രീ. അഷറഫ്. എ.<br>(സെക്ഷൻ ഓഫീസർ)<br>(12.07.2016 - 11.07.2019) |
| 2. | അസിസ്റ്റന്റ് സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ | ശ്രീ. അരുൺ എം.എസ്.<br>(സെക്ഷൻ ഓഫീസർ)<br>(25.07.2019 മുതൽ സേവനമനുഷ്ഠിച്ചു വരുന്നു) |
| 3. | സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ | ശ്രീമതി. തുഷാര ജോർജ്ജ്<br>(ഫിനാൻസ് ഓഫീസർ) |
| 4. | അപ്പീൽ അധികാരി | ശ്രീമതി. പ്രഭ. ബി.<br>(രജിസ്ട്രാർ)<br>(21.02.2019 - 05.03.2020) |
| 5. | അപ്പീൽ അധികാരി | ശ്രീ. നജീബ് എച്ച്.<br>(രജിസ്ട്രാർ)<br>(11.03.2020 മുതൽ സേവനമനുഷ്ഠിച്ചു വരുന്നു) |

## അദ്ധ്യായം 8

# ഉപസംഹാരം

കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടിയാണ് ന്യൂനപക്ഷ കമ്മീഷൻ പ്രവർത്തിക്കുന്നത്. ന്യൂനപക്ഷ കമ്മീഷൻ ആക്ട് പ്രകാരം കമ്മീഷൻ നിർവ്വഹിക്കേണ്ട ചുമതലകൾ നിറവേറ്റുന്നതിനായി കമ്മീഷൻ പ്രത്യേകം ശ്രദ്ധിക്കുന്നു. പ്രത്യേകിച്ച് ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ഭാഷാപരവുമായുള്ള അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പ്രത്യേക പരാതികളിന്മേൽ കമ്മീഷൻ അടിയന്തിരമായി അന്വേഷണം നടത്തി പരിഹാര നടപടികൾ നിർദ്ദേശിച്ചുവരുന്നു.

കമ്മീഷന്റെ മേൽപറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി റിപ്പോർട്ട് കാലയളവിൽ സംസ്ഥാനത്തെ 12 ജില്ലകളിലായി കമ്മീഷൻ 55 സിറ്റിംഗുകൾ നടത്തുകയും 301 പരാതികൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. ന്യൂനപക്ഷങ്ങളുടെ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങളും സംരക്ഷണവ്യവസ്ഥകളും ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തുന്നതിനെക്കുറിച്ചുള്ള നിരവധി പരാതികളിൽ കമ്മീഷന്റെ ഇടപെടൽ കൊണ്ട് പരിഹാരം ഉണ്ടായിട്ടുണ്ട്. കൂടാതെ കേരളത്തിലെ വിവിധ ജില്ലകളിൽ ന്യൂനപക്ഷങ്ങൾക്കായി റിപ്പോർട്ട് കാലയളവിൽ രണ്ട് സെമിനാറുകളും ഒമ്പത് മീറ്റിംഗുകളും സംഘടിപ്പിച്ചു.

2013-ൽ ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നെങ്കിലും ന്യൂനപക്ഷ കമ്മീഷൻ ആക്ടിലെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ ഇതുവരെയും ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല. അത് സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാന ന്യൂനപക്ഷ കമ്മീഷന് തിരുവനന്തപുരത്തെ ശാസ്തമംഗലത്തുള്ള ആസ്ഥാനമന്ദിരമല്ലാതെ സംസ്ഥാനത്ത് മറ്റ് ആഫീസുകൾ ഒന്നുംതന്നെയില്ല. മാത്രമല്ല വളരെ കുറഞ്ഞ സ്റ്റാഫ് അംഗങ്ങൾ മാത്രമാണ്

കമ്മീഷനുള്ളത്. സർക്കാർ ഓരോവർഷവും ബഡ്ജറ്റിലൂടെ അനുവദിക്കുന്ന പരിമിതമായ ഗ്രാന്റ് ഇൻ എയ്ഡ് മാത്രമാണ് ഏക സാമ്പത്തിക സ്രോതസ്സ്. കമ്മീഷൻ ഓഫീസിൽ ഒരു റിസർച്ച് ആഫീസർ, പബ്ലിക് റിലേഷൻ ആഫീസർ എന്നീ തസ്തികകളുടെ അഭാവം ഉണ്ട്. കൂടാതെ കമ്മീഷൻ ഓഫീസിൽ ടൈപ്പിസ്റ്റിന്റെ തസ്തികകൾ അനുവദിച്ചു നൽകിയിട്ടില്ലാത്തതിനാൽ ടൈപ്പിംഗ് സംബന്ധമായ ജോലികൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്.

ന്യൂനപക്ഷ കമ്മീഷൻ ആക്ട് പ്രകാരമുള്ള ആവശ്യങ്ങൾക്ക് വിനിയോഗിക്കപ്പെടുന്നതിനായി വേണ്ടിവരുന്ന തുക ഗ്രാന്റായി സർക്കാർ കമ്മീഷന് നൽകേണ്ടതാണ്. എന്നാൽ സർക്കാർ അനുവദിക്കുന്ന തുക വളരെ പരിമിതമാണ്. ആയതിനാൽ കമ്മീഷന്റെ സുഗമമായ പ്രവർത്തനത്തിന് കൂടുതൽ തുക ഗ്രാന്റായി സർക്കാർ കമ്മീഷന് ബഡ്ജറ്റ് വിഹിതത്തിൽ വർദ്ധനവ് നൽകേണ്ടതുണ്ട്. കേരളത്തിലെ 14 ജില്ലകളിലും കമ്മീഷൻ ക്യാമ്പ് സിറ്റിംഗുകൾ സംഘടിപ്പിക്കുന്നുണ്ട്. എന്നാൽ കമ്മീഷൻ മെമ്പർമാർക്ക് ഔദ്യോഗിക വാഹനം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കമ്മീഷൻ മെമ്പർമാർക്ക് ഔദ്യോഗിക വാഹനം അനുവദിക്കേണ്ടതുണ്ട്.

പരിമിതമായ ഭൗതികസാഹചര്യങ്ങളാണ് ഇപ്പോൾ കമ്മീഷന് ഉള്ളതെങ്കിലും ന്യൂനപക്ഷങ്ങളുടെ പുരോഗതിക്കും ക്ഷേമത്തിനും സംരക്ഷണത്തിനും ശാക്തീകരണത്തിനും വേണ്ടി സാദ്ധ്യമാകുന്നതെല്ലാം കമ്മീഷൻ നിറവേറ്റിക്കൊണ്ടിരിക്കുകയാണ്. വരുംകാലങ്ങളിലും അത്തരം കാര്യങ്ങൾ പരമാവധി തുടരുന്നതായിരിക്കും.

(ഒപ്പ്)
**പി. കെ ഹനീഫ**
ചെയർമാൻ

(ഒപ്പ്)
**അഡ്വ. ബിന്ദു.എം.തോമസ്**
മെമ്പർ

(ഒപ്പ്)
**അഡ്വ.മുഹമ്മദ് ഫൈസൽ**
മെമ്പർ